# എറണാകുളം മിസ്സം
# ERNAKULAM MISSAM
English & Malayalam Monthly

Vol. No. 65 Issue No. 6 June 2022 Rs. 15/-




Saint Devasahayam, Canonization 15 May 2022



www.ernakulamarchdiocese.org



ജൂൺ 13-ാം തീയതി

നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന്

എറണാകുളം-അങ്കമാലി അതിരൂപതയുടെ

**തിരുനാൾ ആശംസകൾ !!!**

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 65 Issue No. 6 June 2022 Rs. 15/-




## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ 06/2022- വിശ്വാസപരിശീലനവർഷാരംഭം |
| 10. | ലോകമാധ്യമദിന സന്ദേശം |
| 18. | കെ.സി.ബി.സി. സർക്കുലർ - സഭാ നവീകരണം |
| 25. | Engagements |
| 28. | കച്ചേരിക്കാര്യം |
| 31. | നിര്യാതരായി |
| 38. | വാർത്തകളും വിശേഷങ്ങളും |
| 40. | AICO |
| 41. | Department of Catechesis |
| 43. | നൈപുണ്യ ഇന്റർനാഷണൽ |
| 46. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 48. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 51. | സോഷ്യൽ മീഡിയ അപ്പോസ്റ്റലേറ്റ് |
| 52. | കത്തോലിക്കാ കോൺഗ്രസ് |
| 53. | ബൈബിൾ അപ്പോസ്റ്റലേറ്റ് |
| 55. | അതിരൂപതാ ഡയറി |



**Editor: Fr. Jose Pollayil**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| Msgr. Manikanamparambil George , Udayamperoor | 1924 | 1950 | 2-6-1994 |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| Mar Sebastian Mankuzhikary, Thannirmukom | 1929 | 1955 | 11-6-1994 |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Sankoorikal Sebastian, Narakkal | 1935 | 1961 | 16-6-2021 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

സർക്കുലർ: 06/2022

# വിശ്വാസപരിശീലനവർഷം 2022-2023
# ഒപ്പം നടക്കാം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ,

നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലന ക്ലാസ്സുകളും റഗുലർ സ്കൂൾ ക്ലാസ്സുകളും പുനരാരംഭിക്കുന്ന ഈ അധ്യയനവർഷത്തിന്റെ ആരംഭത്തിൽ ഏറെ വാത്സല്യത്തോടെ നിങ്ങളെ എല്ലാവരേയും അഭിസംബോധന ചെയ്യുന്നതിൽ എനിക്ക് ഒത്തിരി സന്തോഷമുണ്ട്. നവോന്മേഷത്തോടും ആരോഗ്യത്തോടുംകൂടെ ഈ പുതിയ അധ്യയനവർഷം വിജയപ്രദമാക്കാൻ സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ രണ്ടുവർഷങ്ങളായി നമ്മുടെ എല്ലാ കർമ്മപദ്ധതികളേയും പരിപാടികളേയും നിശ്ചലമാക്കിയ കോവിഡ് എന്ന മഹാമാരിയെ ദൈവപരിപാലനയാൽ നമ്മൾ ഇപ്പോൾ അതിജീവിച്ചുകൊണ്ടിരിക്കുകയാണ്. അപ്രതീക്ഷിതമായി കടന്നുവന്ന ഈ മഹാമാരി നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും സാരമായി ബാധിച്ചു. പള്ളിയും പള്ളിക്കൂടവും അടച്ചിടേണ്ടതായി വന്നു. പഠിച്ചും കളിച്ചും കൂട്ടുകൂടിയും കഴിയേണ്ട കുഞ്ഞുങ്ങളുടെ ജീവിതം വീടിനുള്ളിൽ ഒതുങ്ങി കഴിയേണ്ട അവസരം സംജാതമായി. നഷ്ടപ്പെടാമായിരുന്ന അവരുടെ വിദ്യാഭ്യാസ കാലഘട്ടത്തെ ഓൺലൈൻ ക്ലാസ്സുകളിലൂടെ ഒരുപരിധിവരെ നമുക്ക് വീണ്ടെടുക്കുവാൻ കഴിഞ്ഞു. 'ദോമൂസ് ക്യാറ്റ്' എന്ന ഓൺലൈൻ പ്രോഗ്രാമിലൂടെ വിശ്വാസപരിശീലന ക്ലാസ്സുകൾ നമ്മുടെ കുട്ടികൾക്ക് ലഭ്യമാക്കുവാൻ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം നല്കിയ സേവനങ്ങൾ ഈയവസരത്തിൽ ഞാൻ പ്രത്യേകം അനുസ്മരിക്കുകയും അവർക്ക് നന്ദി അറിയിക്കുകയും ചെയ്യുന്നു.

ഓൺലൈൻ സംസ്കാരം ഒത്തിരി നന്മകൾ നൽകുന്നുണ്ടെങ്കിലും അതിന്റെ സ്വാധീനത്തിൽപ്പെട്ട് നമ്മുടെ കുഞ്ഞുങ്ങളിൽ ചിലരെങ്കിലും അവർ പോലുമറിയാതെ മൊബൈൽ ഫോൺപോലുള്ള സാമൂഹ്യ

മാധ്യമങ്ങൾക്ക് അടിപ്പെട്ടുപോയിട്ടുണ്ട്. ചിലരുടെ സാമൂഹ്യബന്ധങ്ങൾ അതുവഴി കുറഞ്ഞുപോയി. സോഷ്യൽ മീഡിയായിലൂടെ ഒട്ടും പരിചയമില്ലാത്തവരുമായി കൂട്ടുകൂടി ആപത്ക്കരമായ സാഹചര്യങ്ങളിൽ ചിലർ പെട്ടുപോയ അനുഭവങ്ങളും ഉണ്ട്. സാമൂഹ്യമാധ്യമങ്ങൾ ദുരുപയോഗം ചെയ്തും, ഓൺലൈൻ ഗെയിമുകൾക്ക് അടിപ്പെട്ടും മുറിക്കുള്ളിലേക്ക് ഉൾവലിഞ്ഞ കുട്ടികളും നമ്മുടെ ഇടയിലുണ്ട്. പല കാരണങ്ങൾ പറഞ്ഞ് വി. കുർബാനയിലും വിശ്വാസപരിശീലനക്ലാസ്സുകളിലും ഭക്താനുഷ്ഠാനങ്ങളിലും മറ്റും സംബന്ധിക്കാതെ ആത്മീയതലത്തിൽ ഗൗരവമായ അലംഭാവത്തിൽ കഴിയുന്ന കുട്ടികളും നമ്മുടെ സമൂഹത്തിലുണ്ട്. ഈ കുഞ്ഞുങ്ങളുടെ നൈസർഗീക വാസനകളെ വീണ്ടെടുക്കാനും ആത്മീയമായും വിദ്യാഭ്യാസപരമായും അവരെ പൂർവ്വസ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരാനും പ്രത്യേകം ശ്രദ്ധിക്കേണ്ട അവസരമാണിത്. മെച്ചപ്പെട്ട ഒരു ജീവിതാവസ്ഥയിലേക്ക്, മാനസ്സികാരോഗ്യത്തിലേക്ക്, വിശ്വാസതീക്ഷണതയിലേക്ക് നമ്മുടെ കുഞ്ഞുമക്കളെ കൈപിടിച്ചുയർത്താൻ എല്ലാവരുടേയും കൂട്ടായ പരിശ്രമം അനിവാര്യമാണ്. അതിന് അവരോടൊപ്പം നടക്കാൻ നമ്മൾ തയ്യാറാകണം.

2023 ഒക്ടോബറിൽ റോമിൽ നടക്കുവാൻ പോകുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയം: ഒരു സിനഡാത്മകസഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നതാണ്. ‘സിനഡ്’ എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം ‘ഒരുമിച്ചുള്ള നടത്തം’ (Walking together) എന്നാണ്. സിനഡാത്മകസഭയുടെ പങ്കാളിത്തമനോഭാവം ഉൾക്കൊണ്ടാണ് നമ്മുടെ അതിരൂപത 2022-23 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യമായി ‘ഒപ്പം നടക്കാം’ എന്ന ആശയം സ്വീകരിച്ചിട്ടുള്ളത്.

ഒരു തേനീച്ചയും ഒറ്റയ്ക്ക് തേൻ ഉണ്ടാക്കാറില്ല. മധുരമായ തേൻ രൂപപ്പെടുന്നത് തേനീച്ചകളുടെ ഒരുമിച്ചുള്ള പരിശ്രമത്തിലൂടെയാണ്. സിനഡാത്മകതയിലൂടെ ഫ്രാൻസിസ് മാർപാപ്പ ലക്ഷ്യം വയ്ക്കുന്നതും ഈ ഒരുമിച്ചുള്ള നടത്തവും പരിശ്രമവുമാണ്. ഒപ്പം നടക്കലിലൂടെയും ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയുമാണ് നമ്മളോരോരുത്തരും രൂപപ്പെടേണ്ടതും വളരേണ്ടതും. മാതാപിതാക്കളും മക്കളും വിശ്വാസപരിശീലകരും വൈദികരും സന്യസ്തരും ഇടവകസമൂഹം മുഴുവനും വിശ്വാസപരിശീലനകാര്യങ്ങളിൽ ഒരുമിച്ചു നടക്കേണ്ട വർഷമാണിത്. മാറിയ സാഹചര്യങ്ങളിൽ വിശ്വാസപരിശീലനം വലിയൊരു വെല്ലുവിളിയാണ് അഭിമുഖീകരിക്കുന്നത്. ഈ വെല്ലുവിളിയെ നമ്മൾ ഒറ്റയ്ക്കല്ല

അഭിമുഖീകരിക്കേണ്ടത്. മറിച്ച് നമ്മൾ എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചാലേ നമുക്കിതിനെ അഭിമുഖീകരിക്കാൻ സാധിക്കുകയുള്ളു.

ഈ വർഷം നടത്തിയ ഇന്റൻസീവ് ബൈബിൾ കോഴ്സ് പ്രോഗ്രാം ഉബുന്റു 'ഒപ്പം നടക്കാം' എന്നതായിരുന്നു. അവരവരുടെ ജീവിതശൈലിയെക്കുറിച്ച് ചിന്തിക്കുവാനും അതു സ്വായത്തമാക്കുവാനും ഈ പ്രോഗ്രാം കുട്ടികളെ  ഏറെ സഹായിച്ചിട്ടുണ്ട്. പല ഇടവകകളും ഈ പ്രോഗ്രാം കാര്യക്ഷമമായി സംഘടിപ്പിച്ചതുകൊണ്ട് വിശ്വാസപരിശീലകർക്കും കുട്ടികൾക്കും പള്ളി അങ്കണത്തിൽ വീണ്ടും ഒരുമിച്ചുകൂടി സന്തോഷത്തിന്റെയും കൂട്ടായ്മയുടെയും പുത്തനുണർവ് അനുഭവിക്കാനിടയായി. അതുപോലെ സമാഗതമായ വിശ്വാസപരിശീലന വർഷത്തിൽ കുട്ടികൾ ദൈവത്തോടും കുടുംബത്തോടും സഭയോടും സമൂഹത്തോടും ഒപ്പം നടക്കാനുള്ള പരിശ്രമവും പരിശീലനവും നമ്മൾ ബോധപൂർവ്വം നടത്തേണ്ടിയിരിക്കുന്നു. തുടർന്നുള്ള ജീവിതയാത്രയിൽ ഒന്നിച്ചു നടക്കാനുള്ള ഒരു പരിശീലനം ഇതിലൂടെ സാധ്യമാകും.

പ്രിയ മാതാപിതാക്കളെ, കുഞ്ഞുങ്ങളുടെ പ്രധാന അധ്യാപകരും പ്രഥമ അധ്യാപകരും നിങ്ങളാണല്ലോ. കുഞ്ഞുങ്ങളെ വിശ്വാസത്തിൽ വളർത്തുക എന്നതും,  വിശ്വാസജീവിതം നയിക്കുവാൻ അവരെ പരിശീലിപ്പിക്കുക എന്നതും മാതാപിതാക്കളുടെ ദൈവദത്തമായ കടമയും ഉത്തരവാദിത്വവുമാണ്. ആ നിലയ്ക്ക് അവരെ ഈശോയോടൊപ്പം നടക്കാൻ നിങ്ങൾ പരിശീലിപ്പിക്കണം. ശാസിച്ചും ശിക്ഷിച്ചും അവരെ പരിശീലിപ്പിക്കുക എന്നതിനേക്കാൾ അവരെ ശ്രദ്ധാപൂർവ്വം കേട്ടും പ്രോൽസാഹിപ്പിച്ചും, അവരോടൊപ്പം കളിച്ചും ചിരിച്ചും കൂടെ നടക്കുന്നതായിരിക്കും കൂടുതൽ ഫലദായകമായ പരിശീലനം. അങ്ങനെ നടക്കാൻ മാതാപിതാക്കൾ തയ്യാറാകുമ്പോൾ സ്വാഭാവികമായും കുഞ്ഞുങ്ങൾ നിങ്ങളോടൊപ്പം നടക്കുകതന്നെ ചെയ്യും.

രണ്ടു വർഷത്തോളം സ്കൂളിലോ കാറ്റിക്കിസം ക്ലാസ്സുകളിലോ പോകാൻ കഴിയാതിരുന്ന കുട്ടികൾ വലിയൊരു ഇടവേളയ്ക്കുശേഷം സ്കൂളിലേക്കും വിശ്വാസപരിശീലന ക്ലാസ്സുകളിലേക്കും മടങ്ങിപോകുമ്പോൾ ഇതെല്ലാമായി വീണ്ടും പൊരുത്തപ്പെടുക എന്നത് അവരെ സംബന്ധിച്ച് അത്രയെളുപ്പമല്ല എന്ന് തിരിച്ചറിഞ്ഞ് സ്നേഹത്തോടും വാൽസല്യത്തോടുംകൂടെ അവരുടെ കൈപിടിച്ച് ഒപ്പം നടക്കാൻ നിങ്ങൾ ശ്രദ്ധിക്കണം. കുഞ്ഞുങ്ങളായിരുന്നപ്പോൾ അവരെ പിച്ചവെക്കാൻ പരിശീലിപ്പിച്ച അതെ ക്ഷമയും ജാഗ്രതയും വീണ്ടും

ഇന്ന് ആവശ്യമായി വന്നിരിക്കുന്നു. തീർച്ചയായും മറ്റാരെയുംകാൾ അവരെ മനസ്സിലാക്കാനും ചേർത്തുപിടിച്ചു കൂടെ നടക്കാനും മാതാപിതാക്കൾക്ക് സാധിക്കും. നിങ്ങളുടെ കൈപിടിച്ചുവേണം അവർ ഈശോയിലേക്ക് നടന്നടുക്കാൻ, ഈശോയോടൊപ്പം നടന്നു പരിശീലിക്കാൻ. നിങ്ങളോടൊപ്പം ഓരോ ഇടവകയിലേയും വൈദികരും സന്യസ്തരും വിശ്വാസപരിശീലകരും നിങ്ങളുടെ കൂടെയുണ്ട് എന്ന ബോധ്യത്തോടെ എല്ലാവരും ഒരുമിച്ച് കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനത്തിനായി ശ്രദ്ധിക്കാം.

പ്രിയ കുഞ്ഞുങ്ങളെ, രണ്ടുവർഷത്തെ ഓൺലൈൻ ജീവിതത്തിനു ശേഷം ഓഫ്‌ലൈൻ ജീവിതത്തിലേക്ക് നിങ്ങൾ വീണ്ടും കടന്നുവരികയാണ്. നിങ്ങളുടെ കൂട്ടുകാരോടൊപ്പം സ്കൂളിൽ പോകാനും കൂട്ടുകാരോടൊത്ത് ഓടാനും ചാടാനും കളിക്കാനും എല്ലാം വീണ്ടും അവസരം ഒത്തുവരുന്നു. ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നതുപോലെ നിങ്ങളും വിശ്വാസത്തിലും വിശ്വാസ ജീവിതത്തിലും വളർന്നു വരാൻ പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ പഠനവും ആത്മീയജീവിതവുമെല്ലാം കൂടുതൽ ശക്തവും ഫലപ്രദവുമാക്കാൻ നിങ്ങളുടെ അധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളുമെല്ലാം നിങ്ങളോടൊപ്പമുണ്ട്. ഈയൊരു ഓർമ്മയോടെ ഈ വർഷത്തെ വിശ്വാസ പരിശീലന ക്ലാസ്സുകളിലേക്ക് സന്തോഷത്തോടെ പ്രവേശിക്കുവാൻ നിങ്ങൾക്കു കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഈശോയോടൊപ്പം നടക്കാൻ നിങ്ങളെ സഹായിക്കുന്നവരാണ് നിങ്ങളുടെ മാതാപിതാക്കളും വിശ്വാസപരിശീലകരും. അതുകൊണ്ട് അവരെ സ്നേഹിക്കാനും ആദരിക്കാനും, അവരുടെ ഉപദേശങ്ങൾ കേട്ട് ഈശോയോടൊപ്പം നടക്കാനും നിങ്ങൾ പരിശീലിക്കുക. കുഞ്ഞുങ്ങളുടെ വിശ്വാസ പരിശീലനത്തിനായി തങ്ങളുടെ വിലയേറിയ സമയവും കഴിവും യാതൊരു പ്രതിഫലവും വാങ്ങിക്കാതെ മാറ്റിവച്ചുകൊണ്ട് സഭയിൽ ശുശ്രൂഷ ചെയ്യുന്ന വിശ്വാസപരിശീലകരെ ഈയവസരത്തിൽ ഞാൻ ഏറെ നന്ദിയോടെ ഓർക്കുകയും അവർക്കെല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

വിശ്വാസ പരിശീലന വർഷം ആരംഭിക്കുന്നതിനോടൊപ്പം ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ ജൂൺ മാസത്തിലേക്കും നമ്മൾ പ്രവേശിക്കുകയാണ്. ഈശോയുടെ തിരുഹൃദയം എപ്പോഴും

മനുഷ്യരോടുള്ള സ്നേഹത്താൽ കത്തിജ്വലിക്കുന്ന ഹൃദയമാണ്. ഈശോയുടെ തിരുഹൃദയത്തോട് അടുക്കുംതോറും നമ്മുടെ ഹൃദയങ്ങളും സ്നേഹംകൊണ്ടും നന്മകൊണ്ടും ജ്വലിക്കാൻ തുടങ്ങും. അതു നമ്മേയും നമ്മുടെ ജീവിതവുമായി ബന്ധപ്പെടുന്നവരേയും ഉണർവുള്ളവരാക്കും. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരോട് ഈശോ സംസാരിച്ചപ്പോൾ അവരുടെ ഹൃദയങ്ങൾ ജ്വലിച്ചതായി വിശുദ്ധ ലൂക്കായുടെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. ഇതുപോലെ നമ്മളും ഈശോയുടെ അടുത്തു വന്നു പ്രാർത്ഥിക്കുമ്പോഴും, അവിടുത്തെ തിരുവചനങ്ങൾ കേൾക്കുമ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയും, ദൈവസ്നേഹത്താൽ നിറയുകയും ചെയ്യും. ഈ ജൂൺ മാസത്തിൽ വണക്കമാസം ആചരിച്ചുകൊണ്ടും, തിരുഹൃദയ തിരുനാളിൽ പങ്കുചേർന്നുകൊണ്ടും, തിരുഹൃദയത്തോടുള്ള കുടുംബപ്രതിഷ്ഠ നവീകരിച്ചുകൊണ്ടും തിരുഹൃദയ ചൈതന്യത്താൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനും നിറയ്ക്കാനും പ്രത്യകം ശ്രദ്ധിക്കാം. ഒപ്പംതന്നെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ നമ്മുടെ അതിരൂപതയെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കാനും എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും ഈശോയുടെ തിരുഹൃദയത്തിന്റെ എല്ലാ നന്മകളും പ്രാർത്ഥനയോടെ നേരുന്നു; ഒപ്പം ഫലപ്രദമായ ഒരു വിശ്വാസ പരിശീലനവർഷവും ആശംസിക്കുന്നു.

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്തൻ വികാരി

....................................

NB: ഈ സർക്കുലർ 2022 ജൂൺ 5-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

Ref: 3711/K-5/KCBC/OL/DS 25-05-2022

# ലോക മാധ്യമദിനസന്ദേശം 2022

## ലോകമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*"ഹൃദയം കൊണ്ട് കേൾക്കൂ"*

പ്രിയ സഹോദരീ സഹോദരന്മാരേ,

വ്യക്തികളെ നേരിട്ടു കാണുവാനും സംഭവങ്ങളെ നേരിട്ടറിയാനും ആ അനുഭവങ്ങൾ പുനരവതരിപ്പിച്ച് സത്യാവസ്ഥ തിരിച്ചറിയാനും വേണ്ട ആവശ്യകതയായ 'വന്ന് കാണുവിൻ'- എന്ന ആശയത്തെക്കുറിച്ചാണ് കഴിഞ്ഞ വർഷം ഇതേയവസരത്തിൽ വിചിന്തനം ചെയ്തത്. ഇതേ വിചിന്തനത്തിന്റെ തുടർച്ചയായി, കളങ്കമറ്റ സംഭാഷണ സംവാദങ്ങൾക്ക് ആവശ്യമായതും ആശയവിനിമയത്തിനേറ്റവുമാവശ്യമായ വ്യാകരണങ്ങളിലൊന്നുമായ 'ശ്രവിക്കുക', 'കേൾക്കുക' എന്ന ക്രിയയിലേക്കാണ് നിങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിന് ശ്രമിക്കുന്നത്.

ദൈനംദിന ബന്ധങ്ങളിലാണെങ്കിലും പൗര ജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളിലാണെങ്കിലും നമുക്ക് ശ്രവിക്കുന്നതിനുള്ള ശേഷിയും ശക്തിയും പാടവവും പ്രാപ്തിയും ക്ഷയിച്ചു വരുന്നു. അതേസമയം ശ്രവണശക്തി തന്നെ ആശയവിനിമയ സമ്പർക്ക മേഖലകളിൽ പ്രധാനവും കനത്തതുമായ വികാസ പരിണാമങ്ങളിലൂടെ കടന്നുപോവുന്നു. എങ്കിലും, പോഡ്കാസ്റ്റിലൂടെയും (Podcast) മറ്റ് ശ്രവ്യോപാധികളിലൂടെയുള്ള അറിയിപ്പുകളും വിവര വൃത്താന്തങ്ങളുടെ ആധിക്യം, ശ്രവണശക്തിയുടെ ആവശ്യകത, എത്രമാത്രം മനുഷ്യന്റെ ആശയവിനിമയത്തിന് പ്രധാനപ്പെട്ടതാണെന്ന് തെളിയിക്കുന്നു. മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോട് ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത് "ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത അദമ്യമായ ആഗ്രഹം" എന്നായിരുന്നു. അദ്ദേഹം മനസ്സുകളേൽക്കുന്ന മുറിവുകളുണക്കുന്നതിൽ അതിപ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണ് പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന 'ഞാൻ ശ്രദ്ധിക്കപ്പെടണം', 'ഞാൻ

പറയുന്നത് കേൾക്കണം' എന്ന ആഗ്രഹം, ഭാവം പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമായോ തൊഴിൽ തുറകളിലുള്ളവർക്ക്. സാമൂഹ്യ വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്ക് പ്രത്യേകിച്ചും.

**ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം**

വിശുദ്ധ ലിഖിതങ്ങളിൽനിന്നും നമുക്ക് മനസ്സിലാവുന്നത് ശ്രവിക്കുക എന്നുള്ളത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല, മറിച്ച് ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണ സംവേദനത്തിലടിസ്ഥാനമായുള്ള ഒരു ബന്ധംകൂടിയാണ് - ഒരു ഹൃദയബന്ധം. "ശ്രവിക്കുക ഇസ്രായേലേ" (നിയമാ. 6:4) എന്ന തോറയുടെ ആദ്യ കല്പനയുടെ തുടക്കംതന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ ഇത് അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോട് പറയുന്നത് തന്നെ "വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെ" എന്നാണ് (റോമ. 10:17). ഇതിന് പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ച് സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽ നിന്നുതന്നെ ഉത്ഭവിക്കുന്നത് എന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്ക് പെട്ടെന്ന് മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും, സ്രഷ്ടാവിന് പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതാണ് മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും, അവധാനപൂർവ്വമായതും, എതിരെ ഉള്ളവരെ കടന്നുകയറി പിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്വതമായ സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്ത് ശബ്ദിച്ചുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിലാണ്, സൃഷ്ടാവായ ദൈവം തന്റെ വചനം അവർക്ക് നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിന് കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽ നിന്നും ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞ് നിൽക്കു

കയും 'ചെവി കൊട്ടിയടച്ച്' നിന്നുകൊണ്ട് ശ്രവിക്കേണ്ട ഉത്തര വാദിത്തത്തിൽനിന്നും മാറിനിൽക്കുന്നു. ശ്രവിക്കേണ്ട ഉത്തരവാദിത്ത ത്തിൽനിന്നുമുള്ള ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാന ലംഘനവും ആകുന്നു. സ്റ്റീഫൻ ഡീക്കന്റെ നേരെ ചെവി കൊട്ടിയടച്ച് അക്രമോൽസുകരായി ചെന്നവരെപ്പോലെ (അപ്പ. 7:57) പരസ്പര സമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സൃഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് കെട്ടു പാടുകളില്ലാതെ ആശയവിനിമയം നമ്മളോട് ചെയ്തിട്ടാണ്.

മനുഷ്യരോട് ശ്രവിക്കാൻ തയ്യാറാവാനും ശ്രദ്ധിക്കാനും ആഹ്വാനം ചെയ്യുന്നു. വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മളോട് സ്നേഹത്തിന്റെ ഉടമ്പടിയിലേക്ക് ക്ഷണിക്കുന്നുണ്ട്. അടിസ്ഥാന പരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവും ആണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്ക് നമ്മളാവാനുള്ള സാദ്ധ്യതയാണ്, അവരവർക്കുള്ള സ്ഥാന ങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ, മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാ കുന്നത്. അവന്റെപോലെ ശ്രവിക്കാനും മറ്റുള്ളവരെ സ്വാഗതം ചെയ്യാ നും. അതിനാലാണ് താന്താങ്ങളുടെ ശ്രവണശക്തി അളന്ന് തയ്യാറെ ടുക്കാനായി യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. "ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊള്ളു വിൻ (ലൂക്കാ 8: 18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തത് വെറുതെ കേൾ ക്കുന്ന കേൾവിക്കാരനാവാനല്ല, മറിച്ച് നല്ലപോലെ ശ്രദ്ധിച്ച് ശ്രവിച്ച് മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയ ഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അത് കാത്തുസൂക്ഷി ക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ - ജീവന്റേയും രക്ഷയുടേയും - അനുഭവിക്കാനും സാധിക്കൂ (വി. ലൂക്കാ 8:15). ആരെയാണ് നമ്മൾ ശ്രവിക്കുന്നതെന്നും എന്താണ് ശ്രവിക്കുന്നതെന്നും എങ്ങനെയാണ് ശ്രവിക്കുന്നതെന്നും നമ്മൾ ശ്രദ്ധിച്ചാലാണ് ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല. മറിച്ച്, വെറും "അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവി' മാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).

നമുക്കെല്ലാവർക്കും ചെവികളുണ്ടെങ്കിൽ പോലും പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറും ശ്രവിക്കുക എന്ന ബാഹ്യ ശാരീരിക കഴിവിനേക്കാൾ കേൾക്കുക എന്നത് മുഴുവൻ മനുഷ്യനെത്തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു. എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്ക് ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജ. 3:9) എന്നായിരുന്നു. അഗസ്തീനോസ് വിശുദ്ധൻ പറഞ്ഞിരുന്നത് പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയംകൊണ്ട് ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് "ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണ്.വേണ്ടത്" എന്നായിരുന്നു. ആകയാൽ സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിന് ചെയ്യേണ്ടത് നമ്മൾ നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെ ഉള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും മൗലികമായ അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം. അണുകണികകളെപ്പോലെ ജീവിക്കാൻ അല്ല - ഒന്നിച്ച് ഒരുമിച്ച് ജീവിക്കാനുള്ള ബാധ്യത നമുക്ക് ഉള്ളതിനാൽ മറ്റ് സഹോദരങ്ങളുമായും അവനുമായും ഉള്ള അടിസ്ഥാന ബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ മൗലികരാക്കുന്നത്.

### നല്ല ആശയവിനിമയത്തിനുള്ള ഉപാധി ശ്രവിക്കുക

ശ്രവിക്കുന്നതിന്റെ നേരെ വിപരീത ഫലമുളവാക്കുന്ന തരം കേൾക്കലാണ്, ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുൻപിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണമായും മാനുഷികമാകുന്നതും.

ദൈനംദിന ജീവിതത്തിലെ കേൾവിക്കുറവുകളേക്കാൾ, പരസ്യ ജീവിത

ത്തിലെ വർധിക്കുന്ന പ്രവണതയായ പരസ്പരം ശ്രവിക്കുന്നതിനെക്കാൾ കൂടുതൽ സദസ്സിനോട് സംസാരിക്കുക എന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനേയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായ ഐക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയ വിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയർത്തുന്നത് സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്താലാറാടിക്കുന്ന അനാവശ്യപ്രകടനങ്ങളോ സഹോദരനെ ഇകഴ്ത്തി കൈയ്യടി വാങ്ങുമ്പോഴോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത് സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്ര പരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്ന് നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ച് കഴിഞ്ഞാൽ ഉടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേൽപ്പിക്കാനാണ് കാത്തിരിക്കുന്നത്. താത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണം എന്നല്ല, രണ്ട് ആത്മഗതങ്ങളാണെന്നാണ്. രണ്ട് സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിൽ "ഞാനും" "താങ്കളും" പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്നും അപരന്റെയടുത്തേക്ക് മാറി എത്തുന്ന സാഹചര്യമാണ് വേണ്ടത്. അതിനാൽ ശ്രവിക്കുക എന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നത് നടന്നിട്ടില്ല എങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാതെ നല്ല പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണ്ണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കുവാൻ ദീർഘനേരം നല്ലപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കി നൽകുവാനോ, പ്രത്യേകിച്ച് വാർത്താ വിതരണ മേഖലയിൽ ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിന് സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കുവാനുംവരെ തയ്യാറാവേണ്ടതുണ്ട്.

ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവേണം (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) നമുക്ക് ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പിക്കേണ്ടതിന്, നമ്മുടെ ഭാഗത്തുനിന്നും വാർത്തകൾ ആയി ബഹിർഗമിക്കാൻ വിവേകാത്മകമായും വിവേചനാ ബോധത്തോടെയും പ്രവർത്തിക്കാനാവണമെങ്കിൽ, സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോട് കാതോർക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

എന്തിനാണ് ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നതനായ നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും 'ക്ഷമയുടെ രക്തസാക്ഷിത്വ'ത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. പരിമിത സ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥ ശ്രമങ്ങൾ വളരെ ക്ലേശകരമായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നും ഭാഗികമായ സത്യങ്ങളെ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽപോലും, നമ്മൾ അത്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോട് പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരി ക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടുക്കുകയും വേണം. വിസ്മയത്തോടെ ആശ്ചര്യപ്പെട്ടാൽ മാത്രമേ നമുക്ക് വിജ്ഞാനം അധികം ആർജിക്കാനാവുകയുള്ളൂ. അതിരറ്റ ജിജ്ഞാസയോടെ തുറന്ന കണ്ണുകളോടെ തനിക്ക് ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ലാളിത്യത്തോടെ, വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം അതാണിന്നിന്റെ ആവശ്യം. എത്ര ചെറുതാണെങ്കിലും അപരനിൽനിന്നും എന്തെങ്കിലും എനിക്ക് പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിലുപകരിക്കുമെന്നും ഈ അവബോധത്തോടുകൂടിയുള്ള ഔത്സുക്യം ആണ് നമുക്കാവശ്യം.

വലിയ ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തിനെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന "ഔദ്യോഗിക അറിയിപ്പുക"ളോടുള്ള അവജ്ഞയും വിദ്വേഷവും മൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെ പെട്ടെന്ന് ലോകമാകെ പരക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കും വേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത, സാമൂഹികവും സാമ്പത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിത പലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥയാണ്. ആരുടെ പക്കലും ഇതിനൊരു പരിഹാരം ഇല്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കുവാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കുമോരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അത് ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതത് രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ-പ്രവാസ നീതിന്യായ വ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിന് നമ്മുടെ മുൻപിൽ കണക്കുകളോ, അക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. അവരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ്, സാധാരണ മനുഷ്യരുടെ.

**സഭയ്ക്കകത്ത് പരസ്പരം ശ്രവിക്കുക**

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽ നിന്നും ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾ കൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ Dietrich Bonhoeffer നമ്മളെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക

എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീ സഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്ക് ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ. ദാനധർമ്മങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലന ദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുക എന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏത് മനുഷ്യനും കേൾക്കാൻ വേഗതയും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്ക് പ്രാർത്ഥിക്കാം. തന്ത്രങ്ങളുടേയും പരിപാടികളുടെയും പരിണിതഫലമല്ല കൂട്ടായ്മ. മറിച്ച് പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമ്മിക്കപ്പെടുന്നതാണത്. ഒരു ഗായക സംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐക്യരൂപമോ ഏകസ്വരതയോ അല്ല ആവശ്യം, മറിച്ച് അനേകത്വവും ബഹുസ്വരതയും വിവിധങ്ങളായ വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം ഒരു ഗായക സംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെ ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീത സംവിധായകനാണെങ്കിലും അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ ഓരോ സ്വരശബ്ദങ്ങളുടെയും ഐക്യപൂർത്തിയിലാണ്.

നമ്മളേക്കാളും വളരെ മുൻപുതന്നെ തുടങ്ങിയതും നമ്മളെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്ക് നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം. സ്വരലാവണ്യമുള്ള ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം. അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട് പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചുകൊണ്ട് ജീവിക്കാനുള്ള പാരിതോഷികമായി കരുതി നമുക്ക് പരസ്പരം ഹൃദയംകൊണ്ട് ശ്രവിച്ച് മുന്നേറാം.

റോമ, സെന്റ് ജോൺ ലത്തറാൻ, 24 ജനുവരി 2022, വിശുദ്ധ ഫ്രാൻസിസ് ഡി സാലസിന്റെ തിരുനാൾ ദിനത്തിൽ,

**ഫ്രാൻസിസ് പാപ്പാ**

Ref: 3710/K-5/KCBC/OL/DS 25-05-2022

# കേരള സഭാനവീകരണം 2022-2025

## കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

നമ്മൾ ഇന്ന് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും ഈ തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരുസാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷ മൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭി

ക്കുന്നത്. ഇതിന്റെ **ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് പാലാരിവട്ടം പി.ഒ.സി. യിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആയിരിക്കും.** 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾവരെയാണ് നവീകരണകാലഘട്ടം.

### അനിവാര്യമായ നവീകരണം

“സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം” എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാസഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

### കേരളസഭാ നവീകരണ മേഖലകൾ

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

### 1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജന

തയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാ കൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതിക സുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ

ഏല്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടുതട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാനെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ച വണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ

പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

### 10. യുവജനശുശ്രൂഷ

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

### 11. പരിസ്ഥിതിപരമായ മാനസാന്തരം

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

### 12. സംവാദത്തിന്റെ മേഖലകൾ

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

### കേരളസഭാ നവീകരണ നടപടികൾ

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലി

ക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസ യാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamenta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. **രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26-ാംതീയതി ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്.** രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെ.സി.ബി.സി. പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെ.സി.ബി.സി. വൈസ് പ്രസിഡന്റ്


**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെ.സി.ബി.സി. സെക്രട്ടറി ജനറൽ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

......................................

NB: ഈ സർക്കുലർ 2022 ജൂൺ മാസത്തിലെ ഒരു ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ENGAGEMENTS



## Archbishop Antony Kariyil
### Vicar of the Major Archbishop

## JUNE 2022

| | | | |
|---|---|---|---|
| 1 | am | BMC, Thrikkakara | Belssing of New MBA Building |
| | am | Renewal Centre | Meeting with Media People In Connection with Synod-2023 |
| | am | Kuzhikkattussery | Holy Mass |
| 5 | pm | Subodhana | Inaguration of Subodhana Academy |
| | pm | Parappuram | Golden Jubilee Celebrations |
| 6 | pm | Angamaly Viswajyothi School | Blessing |
| | pm | P.O.C. | KCMS General Body meeting |
| | pm | Basilica, Ekm. | Inauguration of Ephatha Bible Class |
| 7 - 9 | | P.O.C. | K.C.B.C. |
| 10 | | Niveditha | Annual Retreat of Priests |
| 11 | am | Thripunithura | Forane Synodal Meeting |
| | am | Renewal Centre | Inaguration of Moral Education Year |
| | pm | Renewal Centre | Honoring Catechists |
| | pm | Nadel | Church Re-consecration |
| 12 | pm | Muttathiparambu | Holy Mass & Parish Day Meeting |
| 13 | am | Achinakam | Feast Holy Mass |
| 16 | | Niveditha | Annual Retreat of Priests |
| 23 | | Niveditha | Annual Retreat of Priests |
| 25 | am | BMC, Thrikkakara | Synodality discussion - Archeparchial level Meeting |
| | am | Renewal Centre | K.C.S.L. Meeting |
| 26 | am | Thevara | Secred Heart Feast Ending |
| | pm | Jeevalaya | International widow day seminar |
| 27 | am | Jeevalaya | Board Meeting |
| 28 | am | Vadavathoor | Jubilee Celebrations |

* * * * *

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

Prot. No: **ES/02/22** 28-05-2022

# DECREE

I hereby constitute the new **Administrative Tribunal** of the Major Archeparchy of Ernakulam-Angamaly, for a period of three years with effect from 1st June 2022. The members of the new Administrative Tribunal are:

1) Fr. James Pereppadan (President)
2) Fr. Joseph Kaniamparambil (Vice-president)
3) Fr. Jose Edassery (Member)
4) Fr. Anto Cheranthuruthy (Member)
5) Fr. George (Sunny) Kalappurackal (Member)
6) Adv. Thomas Chazhukkaran (Member)
7) Prof. Thommachan Xavier (Member)
8) Fr. Justine Kaiprampadan (Notary)

The activities of the Administrative Tribunal are to be carried out in accordance with the "*Palliyogam - Procedure Rules*" of the Syro-Malabar Church.

**Archbishop Antony Kariyil**
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly

Fr. Varghese Perumayan
Chancellor

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

Prot. No: **ES/03/22** 28-05-2022

DECREE

I hereby constitute the new **Finance Council** of the Major Archeparchy of Ernakulam-Angamaly, for a period of five years with effect from 1st June 2022. The members of the new Finance Council (2022-2027) are:

1. Rev. Fr. Hormis Mynatty
2. Rev. Fr. Jose Puthiyedath
3. Rev. Fr. Joy Ainiyadan
4. Rev. Fr. Sebastian Manickathan
5. Rev. Fr. Lukose Kunnathoor
6. Rev. Fr. Abraham Oliapurath
7. Rev. Fr. Varghese Perumayan
8. Rev. Fr. Peter Kanjirakattukari
9. Adv. Jimmy Vellanikaran
10. Mr. George Thomas Ettuparayil
11. Mr. M.S. Sebastian
12. Mr. C. M. Joseph

**Archbishop Antony Kariyil**
Vicar of the Major Archbishop
for the Archeparchy of Ernakulam-Angamaly

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

Fr. Varghese Perumayan
Chancellor

## കച്ചേരിക്കാര്യം

# അതിരൂപതാദിനം – ജൂൺ 24 വെള്ളി

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണല്ലോ. ആയതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത് തിരുഹൃദയതിരുനാൾ ദിനമാണ്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെപ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.

ഈ വർഷത്തെ തിരുഹൃദയതിരുനാൾ ദിനമായ ജൂൺ 24 വെള്ളിയാഴ്ച നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും ആഘോഷപൂർവ്വമായ വി. കുർബാനയും, ഒരു മണിക്കൂർ ആരാധനയും നടത്തേണ്ടതാണ് (പ്രവൃത്തി ദിവസമായതിനാൽ തിരുക്കർമ്മങ്ങൾ വൈകിട്ട് നടത്തുന്നതായിരിക്കും ഉചിതം). നമ്മുടെ ഇടവകകളേയും സ്ഥാപനങ്ങളേയും കുടുംബങ്ങളേയും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട് പ്രതിഷ്ഠാജപം ചൊല്ലണം.

നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം അംഗങ്ങൾ എല്ലാവരും തിരുഹൃദയരൂപത്തിന്റെ മുമ്പിൽ ഒരുമിച്ചുകൂടി കുടുംബപ്രതിഷ്ഠാ നവീകരണം നടത്തേണ്ടതാണ്.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# നാമഹേതുകത്തിരുനാൾ

ജൂൺ 13-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷി ക്കുന്ന അഭിവന്ദ്യ ആന്റണി കരിയിൽ പിതാവിന് അതിരൂ പതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാ വിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. ഹോർമിസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# സുബോധന, അങ്കമാലി

## സുബോധന അക്കാദമി

ബൈബിൾ, ദൈവശാസ്ത്രം, കാനൻ നിയമം, കലാനൈപുണ്യവിഭാ ഗങ്ങളിലായി കാലഘട്ടത്തിനിണങ്ങിയ വിവിധ കോഴ്സുകൾ സുബോ ധന അക്കാദമിയിൽ നടത്തിവരുന്നു.

ഇടവകകളിൽനിന്നുമുള്ളവരെ ഈ കോഴ്സുകളിൽ പങ്കെടുപ്പിക്കാനും, ഇതിന്റെ നടത്തിപ്പിനായി സാധിക്കുന്ന സാമ്പത്തിക സഹായം അക്കാ ദമിക്ക് ലഭ്യമാക്കാനും ബ. അച്ചന്മാർ പ്രത്യേകം താല്പര്യമെടുക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. രാജൻ പുന്നയ്ക്കൽ**
**ഡയറക്ടർ**

## അഭിനന്ദനങ്ങൾ



വെനീസിലെ Pious X ഫാക്കൽറ്റിയിൽനിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബ. ജോഫി തോട്ടങ്കര അച്ചന്** അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!!!

<u>പ്രബന്ധം:</u> "Role of laity in the administration of temporal goods in the Syro-Malabar Church: A comparative study with divided Thomas Christian Churches."

---

## അനുമോദനങ്ങൾ



എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടി 2022 മെയ് 4-ാം തീയതി തിരുപ്പട്ടം സ്വീകരിച്ച **ബ. ജെറിൽ കുരിശിങ്കൽ അച്ചന്** (മേലൂർ ഇടവകാംഗം) അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും!!!



# നിര്യാതരായി



## സഭാരത്നം
## ഫാ. ആന്റണി ഇലവുംകുടി

**ജനനം: 15-11-1924**
**തിരുപ്പട്ടം: 12-03-1955**
**മരണം: 16-05-2022**

പൗരോഹിത്യ സമർപ്പണത്തിന്റെ മാതൃകയായ സഭാരത്നം ആന്റണി ഇലവുംകുടി അച്ചൻ 1924 നവംബർ 15-ാം തീയതി ഐമുറി ഇടവകയിലെ ഇലവുംകുടി ദേവസ്സി-മറിയം ദമ്പതികളുടെ 8 മക്കളിൽ ഒരാളായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികളിൽ നിന്ന് വൈദിക പരിശീലനം പൂർത്തിയാക്കി 1955 മാർച്ച് 12-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അന്നത്തെ എറണാകുളം അതിരൂപതയുടെ ഭാഗമായിരുന്ന കോതമംഗലം, ഞാറക്കൽ, എറണാകുളം ബസിലിക്ക എന്നീ ഇടവകകളിൽ അസിസ്തേന്തിയായും, ചുണങ്ങംവേലി, കാലടി, കുറ്റിപ്പുഴ, ചേർത്തല, മറ്റൂർ, ശ്രീമൂലനഗരം എന്നീ ഇടവകകളിൽ വികാരിയായും തൃപ്പൂണിത്തുറയിൽ റസിഡന്റ് പ്രീസ്റ്റായും ഇലവുംകുടി അച്ചൻ അജപാലന ശുശ്രൂഷ നിർവഹിച്ചു. കൂടാതെ എറണാകുളം മൈനർ സെമിനാരി പ്രൊഫസർ, മാർ ലൂയിസ് പ്രസ്സ്, വിയാനി പ്രിന്റിംഗ്സ് മാനേജിങ്ങ് എഡിറ്റർ, മൂക്കന്നൂർ സി.എസ്. ടി. ബ്രദേഴ്സിന്റെയും മോണ്ട് ഫോർട്ട് ഹയർ സെക്കന്ററി സ്ക്കൂളിന്റെയും ചാപ്ലയിൻ, എറണാകുളം ലിസി ആശുപത്രിയിൽ സ്പിരിച്ചൽ ഡയറക്ടർ എന്നീ നിലകളിലും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. കൂടാതെ, ആർച്ചുബിഷപ്പിന്റെ സെക്രട്ടറി, എറണാകുളം മിസ്സത്തിന്റെയും മലബാർ മെയിലിന്റെയും എഡിറ്റർ, അമ്മ മാസികയുടെ കോ-ഓർഡിനേറ്റർ എന്നീ മേഖലകളിലും അച്ചന്റെ സേവനം വിസ്മരിക്കാനാവാത്തതാണ്.

തന്റെ അജപാലനശുശ്രൂഷകൾക്കു ശേഷം എടക്കുന്ന് പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരവേ വാർധക്യസഹജമായ അസുഖങ്ങളാൽ

ബഹു. ആന്റണി ഇലവുംകുടിയച്ചൻ 2022 മെയ് 16–ാം തീയതി തിങ്കളാഴ്ച ഈ ലോകത്തിൽനിന്നും വിടപറഞ്ഞു. അന്ന് വൈകിട്ട് എടക്കുന്ന് പ്രീസ്റ്റ്സ് ഹോമിൽ പൊതുദർശനത്തിനു വച്ചതിനുശേഷം രാത്രിയിൽ, സഹോദരപുത്രൻ ജയ്സൺ ഇലവുംകുടിയുടെ വസതിയിലേക്കു കൊണ്ടുപോയി. 17–ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് മൃതദേഹസംസ്ക്കാര ശുശ്രൂഷകൾ ഐമുറി സേക്രഡ് ഹാർട്ട് പള്ളിയിൽ ആരംഭിച്ചു. മൃതസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് എറണാകുളം–അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി അഭിവന്ദ്യ ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ഫരീദബാദ് രൂപതാ സഹായമെത്രാൻ അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ്, വല്ലം ഫൊറോന വികാരി പോൾ മാടശ്ശേരിയച്ചൻ, ജോൺസൻ ഇലവുംകുടി അച്ചൻ, എടക്കുന്ന് പ്രീസ്റ്റ് ഹോം ഡയറക്ടർ സെബാസ്റ്റ്യൻ തളിയൻ അച്ചൻ, ഇടവകാംഗമായ സൈമൺ പള്ളുപ്പേട്ട അച്ചൻ, എന്നിവരാണ് സഹകാർമ്മികരായത്.

അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് ഇലവുംകുടിയച്ചനെ ഓർത്തെടുത്തത് ഇപ്രകാരമാണ്. “നമ്മുടെ അതിരൂപതയുടെ senior most വൈദികൻ, പ്രിയപ്പെട്ട ആന്റണി ഇലവുംകുടി അച്ചൻ നമ്മോട് യാത്രപറയുകയാണ്. 97 വയസ്സുള്ള ആ ജീവിതം സ്വാഭാവികമായിത്തന്നെയാണ് കടന്നുപോകുന്നതെങ്കിലും, അതിരൂപതയെ സംബന്ധിച്ചിടത്തോളം വിശുദ്ധനായ, സമർപ്പണബോധമുള്ള, കർമ്മ നിരതനായ ഒരു വൈദികനെയാണ് നഷ്ടമാകുന്നത്. പൗരോഹിത്യത്തിന്റെ ഓരോ നിമിഷവും ശ്രദ്ധാപൂർവ്വം ഉപയോഗപ്പെടുത്തിയ ആത്മസമർപ്പണത്തിന്റെ മാതൃകയായിരുന്നു ബഹു. ആന്റണി ഇലവുംകുടി അച്ചൻ. തന്റെ അന്ത്യനിമിഷംവരെ ദൈവത്തിനും ദൈവജനത്തിനും വേണ്ടി കർമ്മനിരതനായിരുന്ന, പൗരോഹിത്യത്തെ ഗൗരവമായി കരുതിയ ആത്മീയ ആചാര്യൻ. ദൈവവചനത്തെക്കുറിച്ചു നടത്തിയ നിതാന്തമായ ധ്യാനമായിരുന്നു ഇലവുംകുടി അച്ചന്റെ ജീവിതം. 97 വർഷംകൊണ്ട് അച്ചൻ എഴുതിയ 90–ൽ അധികം പുസ്തകങ്ങളിലും ദൈവവചനമാണ് അച്ചൻ പങ്കുവച്ചത്. ജീവിതത്തിന്റെ ഒരോ നിമിഷവും ദൈവവചനത്തെ ധ്യാനിച്ച്, മനനം ചെയ്ത്, അതു ലളിതമായി പങ്കുവച്ച ബഹു. ആന്റണി ഇലവുംകുടി അച്ചന്റെ ജീവിതമാതൃക നമ്മെയെല്ലാം വെല്ലുവിളിക്കുന്നുണ്ട്: “കുറച്ചുകൂടി പൗരോഹിത്യത്തെ പരിഗണിക്കാൻ, കുറച്ചുകൂടി പൗരോഹിത്യ ജീവിതത്തിൽ കർമ്മനിരതരാകുവാൻ, കുറച്ചുകൂടി വചനം വായിക്കാൻ, ധ്യാനിക്കാൻ.”

67 വർഷങ്ങൾക്കു മുമ്പ് പൗരോഹിത്യം സ്വീകരിച്ച ബ. ആന്റണി അച്ചൻ തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ വചനത്തെ ഉപാസിച്ചു, തന്റെ പ്രസംഗങ്ങളിലൂടെയും രചിച്ച പുസ്തകങ്ങളിലൂടെയും വചനം പങ്കുവച്ച് ജീവിച്ചതിന്റെ ആദരവായി ബഹു. ജോൺസൻ ഇലവുംകുടി അച്ചൻ, ആന്റണി അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചു. ആന്റണി ഇലവുംകുടി അച്ചൻ വികാരിയായിരുന്ന കാലടി ഇടവകാംഗവും അതിരൂപതാ വികാരി ജനറാളുമായ ജോയ് അയിനിയാടൻ അച്ചനാണ് വിശുദ്ധ കുർബാന മധ്യേയുള്ള തിരുവചന സന്ദേശം നൽകിയത്. പ്രാർത്ഥനാപൂർവം കാതോർത്താൽ സ്വർഗത്തിൽനിന്ന് ഒരു സ്വരം കേൾക്കാം. അന്ന് യോർദാൻ നദിക്കുമുകളിലെ ആകാശത്ത്നിന്നും ഉതിർന്ന സ്വർഗപിതാവിന്റെ മധുരഭാഷണംതന്നെ. ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഈ പ്രാർത്ഥനയോടെയാണ് ജോയ് അച്ചൻ പ്രസംഗം ആരംഭിച്ചത്. അദ്ദേഹം തുടർന്നു; സഭ വൈദികരത്നം ബഹുമതി നൽകി ആദരിച്ച ധന്യമായ ജീവിതം ഇവിടെ പൂർത്തീകരിക്കപ്പെടുകയാണ്. സുദീർഘമായ 97 വർഷത്തെ ജീവിതം - ശാന്തമായി ഒഴുകുന്ന പുഴപോലെ എല്ലാവർക്കും നന്മവർഷിച്ച് കടന്നുപോകുന്ന ധന്യമായ ജീവിതത്തിന്റെ പൂർത്തീകരണം. ക്രിക്കറ്റുകളി ഇഷ്ടപ്പെടുന്നവർ വലിയ ആഹ്ലാദത്തോടെയാണ് പ്രിയപ്പെട്ട താരങ്ങളുടെ സെഞ്ചറി ആഘോഷിക്കുന്നത്. 96 റൺസ് എടുത്തുനിൽക്കുന്ന താരം ഒരു പന്ത് മാത്രം ബാക്കിനിൽക്കുമ്പോൾ സിക്സർ അടിച്ച് വിജയം ആഘോഷിക്കണം എന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ, ഒരു റൺസുകൂടി അടിച്ച് ടീമിനെ വിജയിപ്പിച്ചാൽ മതി എന്ന് യഥാർത്ഥ സ്പോർട്ട്സ്മാൻ സ്പിരിറ്റുള്ള ആ താരം തീരുമാനിക്കുന്നു. 97-ൽ വിജയമുറപ്പിച്ചു സെഞ്ചറി പൂർത്തിയാക്കാതെ ആ താരം പവലിയനിലേക്ക് മടങ്ങുന്നതുപോലെയാണ് ഇലവുംകുടിയച്ചന്റെ സുന്ദരമായ ഈ ഇന്നിംഗ്സിന്റെ പൂർത്തീകരണം.

97 വയസ്സും 96 ഗ്രന്ഥങ്ങളും! ഇനി നൂറു വയസ്സും നൂറു പുസ്തകങ്ങളും വേണ്ടേ എന്ന് ഞാൻ ചോദിച്ചപ്പോൾ നൂറു തികയ്ക്കാനാകുമോ എന്നൊന്നും അറിയാൻ പാടില്ല എന്ന നിസംഗമായ മറുപടി നൽകിയത് ഞാൻ ഓർക്കുന്നു. നൂറ് വയസ്സും നൂറ് പുസ്തകങ്ങളും - അത് ഇലവുംകുടി അച്ചൻ പോലും ആഗ്രഹിച്ചിട്ടുണ്ടാവില്ല. ഓരോ ദിവസവും ദൈവത്തിന്റെ ദാനമാണെന്നറിഞ്ഞ് തീവ്രതയോടെ ഒരു നിമിഷവും പാഴാക്കാതെ ജീവിച്ചയാളാണ് അച്ചൻ. ആന്റണി ഇലവുംകുടി അച്ചൻ

തന്റെ പൗരോഹിത്യം വളരെ ധന്യമായ രീതിയിൽ ആഘോഷിച്ച വ്യക്തിയാണ്. അച്ചന്റെ ജീവിതം കർമ്മനിരതമായിരുന്നു. യോഹ. 5.17 -ൽ നാം വായിക്കുന്നതുപോലെ "എന്റെ പിതാവ് പ്രവർത്തനനിരത നാണ്. ഞാനും പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു." വിശ്രമമില്ലാതെ അദ്ധ്വാനിച്ച ആ ജീവിതം പെട്ടെന്നാണ് അവസാനിച്ചത്. വിശുദ്ധ കുർബാനയിൽ പങ്കെടുത്തശേഷം പ്രഭാതഭക്ഷണവും കഴിഞ്ഞ് ദിന പ്പത്രം വായിച്ച് മുറിയിലേക്കു നടക്കാൻ ഇറങ്ങിയപ്പോഴാണ് അച്ചൻ അബോധാവസ്ഥയിലേക്കു പോകുന്നതും ഏതാനും നിമിഷ ങ്ങൾക്കുള്ളിൽ മരണം സംഭവിക്കുന്നതും.

അവസാനം പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ആന്റണി അച്ചൻ പറയുന്നു: 'ഈശോ കൂട്ടികൊണ്ടുപോകും.' സ്വർഗീയ ഭവനമെന്ന് പറഞ്ഞ് അദ്ദേഹം എഴുതുന്ന ഭാഗം പൗലോസ് ശ്ലീഹാ പറയുന്ന തിരുവചന ത്തിന്റെ ഒരു വ്യാഖ്യാനമാണ്. "ഞങ്ങൾ വസിക്കുന്ന ഭൗതികഭവനം നശിച്ചുപോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽനിന്നുള്ളതുമായ സ്വർഗീയഭവനം ഞങ്ങൾക്കുണ്ടെന്ന് ഞങ്ങളറിയുന്നു. അദ്ദേഹം എഴുതുകയാണ്, രണ്ട് ഭവനങ്ങൾ ഉണ്ട്. ഭൗമിക ഭവനം, സ്വർഗീയ ഭവനം. ഒന്നാമത്തെ ഭവനം മണ്ണിൽനിന്നു ള്ളത്. രണ്ടാമത്തെ ഭവനം ദൈവത്തിന്റെ ഭവനം. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യരെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു. അദ്ദേഹം പൗലോസ് ശ്ലീഹായുടെ ദർശനവും ഗ്രീക്ക് തത്വചിന്തകനായ സോക്രട്ടീസിന്റെ ദർശനവും തമ്മിലുള്ള ഒരു സാമ്യത്തെപറ്റി പറയുന്നത് വളരെ ഹൃദ്യ മായിതോന്നി. പുരാതന തത്വചിന്തകരിൽ അഗ്രഗണ്യനായ സോക്ര ട്ടീസ് ആത്മാവിന്റെ അനശ്വരതയിൽ വിശ്വസിച്ചിരുന്നു. ഈ ധാരണ യാണ് കോടതി വിധിയനുസരിച്ച് വിഷദ്രാവകം കുടിച്ച് ശിക്ഷ യേൽക്കാൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തിയത്. അന്നത്തെ ഭരണസ മ്പ്രദായത്തെ എതിർത്തുകൊണ്ട് സോക്രട്ടീസ് ഭരണകർത്താക്കളുടെ മുമ്പിൽ കുറ്റവാളിയായി. യുവാക്കന്മാരെ വഴി തെറ്റിക്കുകയാണെന്ന് കുറ്റമാരോപിക്കപ്പെട്ടു. കോടതി വധശിക്ഷ കല്പിച്ചു. രക്ഷപെടാൻ സുഹൃത്തുക്കളും ശിഷ്യഗണവും രഹസ്യമായി അതിനുള്ള മാർഗ്ഗങ്ങൾ സജ്ജമാക്കുകയും ചെയ്തു. എങ്കിലും, അദ്ദേഹം അതിനൊന്നും വഴ ങ്ങിയില്ല. എഴുപതു വയസ്സിനോടടുത്ത സോക്രട്ടീസ് സഹപ്രവർത്ത

കരോട് പറഞ്ഞു: "സ്നേഹിതരേ, നിങ്ങൾ ഉത്സാഹഭരിതരാകുവിൻ. എന്റെ ശരീരത്തെ മാത്രമാണ് സംസ്കരിക്കുന്നത് എന്നു പറയുവിൻ." അച്ചൻ ഇന്ന് നമ്മോട് പറയുന്നത് സോക്രട്ടീസിന്റെ ഈ വാക്കുകൾ തന്നെയാണ്. തന്റെ ആത്മാവ് ഈശോയിൽ വിലയം പ്രാപിച്ച് ആ ദൈവാത്മാവിനോട് പൂർണമായും അലിഞ്ഞ് ചേർന്നു കഴിഞ്ഞു എന്ന് അച്ചൻ നമ്മോട് പറയുന്നു. ധന്യമായ ഈ ജീവിതത്തിന് ദൈവം സ്വർഗീയസമ്മാനം നൽകി അനുഗ്രഹിക്കും.

നന്മ എവിടെയുണ്ടോ ആ നന്മയെ സ്വാംശീകരിക്കാനുള്ള തുറവിയുള്ള മനുഷ്യനായിരുന്നു ഇലവുംകുടി അച്ചൻ. കാലടി പള്ളിയുടെ വികാരിയായിരുന്ന അവസരത്തിൽ പള്ളിയിലെ എല്ലാ ആഘോഷ പരിപാടികൾക്കും, കാലടി ആശ്രമത്തിലെ സ്വാമിജിയെകൂടി ക്ഷണിച്ചുകൊണ്ടുവരും. അങ്ങനെ ഒരു മതസൗഹാർദ അന്തരീക്ഷത്തിൽ പള്ളിയിലെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത് ശ്രദ്ധിച്ചിട്ടുണ്ട്.

വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി പ്രതിപാദിച്ചുകൊണ്ടുള്ള അച്ചന്റെ ഒരെഴുത്ത് കോട്ടയം സെമിനാരിയിൽ റെക്ടറായി ചുമതലയേറ്റപ്പോൾ എനിക്കു ലഭിച്ചു. ബ. ഇലവുംകുടിയച്ചൻ അതിൽ പ്രധാനമായും പറഞ്ഞത് കുലീനമായ പെരുമാറ്റവും ശാന്തമായ പ്രകൃതവും ആർജിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയാണ്. അതോടൊപ്പം, ഒരു പ്രായോഗികകാര്യംകൂടി അച്ചൻ പറഞ്ഞു. അത് മൈക്കിന്റെ ഉപയോഗത്തെപ്പറ്റിയായിരുന്നു. ശബ്ദമലിനീകരണമാണ് നമ്മുടെ പള്ളികളിൽ നടക്കുന്നതെന്നും, സെമിനാരി വിദ്യാർത്ഥികളോട് ശബ്ദം നിയന്ത്രിച്ച് ശാന്തമായി പറയാൻ അച്ചൻ അവരെ പഠിപ്പിക്കണമെന്നുമായിരുന്നു. ഒന്നാമതായി അദ്ദേഹം പറഞ്ഞത്, മൈക്ക് ഒരടി അകലെ വച്ചുമാത്രമേ സംസാരിക്കാവൂ എന്നാണ്. അദ്ദേഹത്തിന്റെ ഒരാഗ്രഹം ഞാൻ പറയുകയാണ് – ഈ മൈക്കിന്റെ ബന്ധനത്തിൽനിന്ന് നമ്മുടെ സഭയെ ഒന്ന് മോചിപ്പിച്ചെടുക്കണം.

അദ്ദേഹം കാലടിയിൽ വളരെ സുന്ദരമായ ഒരു ദേവാലയം പണിതു. ഒരു നിർബന്ധ പിരിവും ഉണ്ടായിരുന്നില്ല. ഒരു തിരക്കും ഉണ്ടായിരുന്നില്ല. അദ്ദേഹം തൊട്ടപ്പുറുത്തുള്ള കെട്ടിടത്തിൽ താമസിക്കുന്നു. പള്ളിയുടെ ചുമതലയുള്ള കൈക്കാരന്മാർ അതിന്റെ കാര്യങ്ങൾ നോക്കുന്നു. ആറ് വർഷം കൊണ്ട് ആരെയും ബുദ്ധിമുട്ടിപ്പിക്കാതെ സാവധാനം മനോഹരമായ ഒരു ദേവാലയം അദ്ദേഹം അവിടെ പണികഴിപ്പിച്ചു.

എത്രയോ പുസ്തകങ്ങളാണ് ഇലവുംകുടി അച്ചൻ രചിച്ചത്! അദ്ദേഹം വായിച്ചതും ഹൃദിസ്ഥമാക്കിയതും മനനം ചെയ്ത്, ജീവിതത്തിൽ നടക്കുന്ന സംഭവങ്ങളുമായി ബന്ധപ്പെടുത്തി ഏറ്റവും ലളിതമായ വാക്കുകളിൽ ആവർത്തനവിരസതയില്ലാതെ, പെട്ടെന്ന് വായിച്ചുമനസ്സിലാക്കാൻ സാധിക്കുന്ന ശൈലിയിൽ അദ്ദേഹം തന്റെ പുസ്തകങ്ങൾ നമുക്കായ് അവതരിപ്പിച്ചു.

ഇലവുംകുടി അച്ചൻ രണ്ട് താലന്ത് ലഭിച്ചത് പത്ത് താലന്താക്കി മാറ്റിയ വ്യക്തിയാണ്. വ്യക്തമായ പദ്ധതിയിലൂടെ, ചിട്ടയായ ജീവിതത്തിലൂടെ അദ്ദേഹം അത് സാധ്യമാക്കി. സ്വർഗത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹത്തോട് പിതാവായ ദൈവം പറയുന്ന വാക്കുകൾ ഇതായിരിക്കും. "കൊള്ളാം, നല്ലവനും വിശ്വസ്തനുമായ പുരോഹിതാ, ചെറിയ കാര്യങ്ങളിൽ നീ വിശ്വസ്തനായിരുന്നു. വലിയ കാര്യങ്ങൾ നിന്നെ ഞാൻ ഏല്പിക്കും. നിന്റെ പിതൃഭവനത്തിലേക്കു നീ സന്തോഷത്തോടെ പ്രവേശിക്കുക." അച്ചനെ കുറിച്ചുള്ള നല്ല ഓർമ്മകൾ നമുക്ക് മനസ്സിലേക്കു കൊണ്ടുവരാം. കർത്താവിന് നന്ദി പറയാം.

ആന്റണി ഇലവുംകുടി അച്ചന്റെ  സംസ്കാര ശുശ്രൂഷയുടെ അവസാനഭാഗത്ത് മുഖ്യകാർമ്മികത്വം വഹിച്ചത് മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ്. ഇടവകയുടെ കാരണവരായ ഇലവുംകുടിയച്ചൻ അജപാലനശുശ്രൂഷയിൽ ആത്മീയത മുറുകെ പിടിച്ച വ്യക്തിയായിരുന്നെന്ന് കർദിനാൾ ഓർത്തെടുത്തു. ഒരു നിമിഷം പോലും പാഴാക്കാതെ മാതൃകാ വൈദികനായി ശുശ്രൂഷ ചെയ്ത അച്ചനെ വലിയ ആദരവോടെയാണ് അതിരൂപതയിലെ എല്ലാ വൈദികരും കാണുന്നത്. എഴുത്തുകൊണ്ടും ധ്യാനംകൊണ്ടും വചനം പങ്കുവച്ചുകൊണ്ടും അജപാലനപരമായ മാതൃക നൽകി കടന്നുപോകുന്ന അച്ചന് നന്ദിപറഞ്ഞുകൊണ്ട് കർദിനാൾ പിതാവ് എല്ലാവർക്കും അനുശോചന സന്ദേശം നൽകി.

കുലീനമായ പെരുമാറ്റംകൊണ്ടും ചിട്ടയായ ജീവിതംകൊണ്ടും ഒരല്പം സമയം പോലും പാഴാക്കാതെ നീണ്ട 97 കൊല്ലം പൗരോഹിത്യം എങ്ങനെയായിരിക്കണമെന്ന് ഞങ്ങളെ പഠിപ്പിച്ച വചനത്തിന്റെ വിനീതനായ ഉപാസകാ, എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■

**ബ്രദർ വർക്കി പി.റ്റി. CST**



(പൊന്നാംകുഴിയിൽ)
ലിറ്റിൽ ഫ്ളവർ ആശ്രമം, മൂക്കന്നൂർ

| | | |
|---|---|---|
| ജനനം | : | 06-01-1968 |
| വ്രതവാഗ്ദാനം | : | 17-05-1986 |
| മരണം | : | 06-04-2022 |

**സി. വിക്റ്റിമ CSN**



സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 28-12-1942 |
| ആദ്യവ്രതം | : | 24-02-1964 |
| മരണം | : | 16-05-2022 |

**സി. മാർട്ടിൻ FCC**



നിർമ്മല ഭവൻ, അങ്കമാലി

| | | |
|---|---|---|
| ജനനം | : | 04-08-1932 |
| വ്രതവാഗ്ദാനം | : | 16-05-1952 |
| മരണം | : | 16-05-2022 |

**സി. ലിസ ജോൺ FCC**



കൃപാസദൻ, കൈപ്ര, ശ്രീമൂലനഗരം

| | | |
|---|---|---|
| ജനനം | : | 02-09-1951 |
| വ്രതവാഗ്ദാനം | : | 05-02-1969 |
| മരണം | : | 12-05-2022 |

**സി. ഷന്താൾ CPS**



(കണ്ണമ്പുഴ, പൂവത്തുശ്ശേരി)
സി.പി.എസ്. ജനറലേറ്റ്, കാലടി

| | | |
|---|---|---|
| ജനനം | : | 13-01-1954 |
| വ്രതവാഗ്ദാനം | : | 03-01-1983 |
| മരണം | : | 10-05-2022 |

# വാർത്തകളും വിശേഷങ്ങളും

## വിശുദ്ധ ദേവസഹായം: ഭാരതസഭയ്ക്ക് പ്രഥമ അല്മായ വിശുദ്ധൻ!

2022 മെയ് 15-ാം തീയതി വത്തിക്കാനിൽ, വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ അങ്കണത്തിൽ ഫ്രാൻസിസ് പാപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലി മദ്ധ്യേ ആയിരുന്നു ദേവസഹായം പിള്ളയെ വിശുദ്ധനായി പ്രഖ്യാപിച്ചത്. ഭാരതീയനായ പ്രഥമ അല്മായ വിശുദ്ധനായിരിക്കും നിണസാക്ഷിയായ ദേവസഹായം പിള്ള.

1712 ഏപ്രിൽ 23-ന്, അന്ന് കേരളത്തിന്റെ ഭാഗമായിരുന്ന, പഴയ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനമായിരുന്ന പത്മനാഭപുരം പട്ടണത്തിനടുത്തു നട്ടാലം ഗ്രാമത്തിൽ ഒരു ഹൈന്ദവ കുടുംബത്തിലായിരുന്നു ദേവസഹായം പിള്ളയുടെ ജനനം. മരുതൂർ കുളങ്ങള നായർ കുടുംബത്തിൽ വാസുദേവൻ നമ്പൂതിരിയുടെയും ദേവകി അമ്മയുടെയും മകനായിരുന്നു നീലകണ്ഠപിള്ള.

സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ പണ്ഡിതനും തർക്കം, വേദാന്തം, വ്യാകരണം, പുരാണപാരായണം, ആയുധാഭ്യാസം മുതലായവയിൽ പ്രഗത്ഭനുമായിരുന്ന നീലകണ്ഠപിള്ള മേയ്ക്കോട് കുടുംബത്തിൽനിന്നും ഭാർഗവിയമ്മ എന്ന പെൺകുട്ടിയെ താലി ചാർത്തി. സമർത്ഥനും ബുദ്ധിമാനുമായിരുന്ന നീലകണ്ഠപിള്ളയെ മാർത്താണ്ഡവർമ്മ മഹാരാജാവ് പത്മനാഭപുരം കൊട്ടാരത്തിലെ കാര്യവിചാരകനായി നിയമിച്ചു. അദ്ദേഹം കൊട്ടാരത്തിലെ കാര്യദർശിയായിരിക്കേയാണ് ക്രൈസ്തവവിശ്വാസം ആശ്ലേഷിക്കുകയും ദേവസഹായം പിള്ള എന്ന നാമം സ്വീകരിക്കുകയും ചെയ്തത്.

ക്രിസ്തുവാണ് ഏകരക്ഷകൻ എന്ന് തിരിച്ചറിഞ്ഞ നീലകണ്ഠപിള്ള തിരുവിതാംകൂറിൽ പ്രേഷിതനായിരുന്ന ഈശോ സഭാ വൈദീകൻ ജോൺ ബാപ്റ്റിസ്റ്റ് ബുട്ടാരിയിൽ നിന്നും 1745 മേയ് 17-നാണ് 'ലാസർ' എന്നർത്ഥം വരുന്ന ദേവസഹായം പിള്ള എന്ന പേരിൽ മാമ്മോദീസ

സ്വീകരിച്ചത്. അധികം താമസിയാതെ ഭാര്യ ഭാർഗവിയമ്മയും മാനസാന്തരപ്പെട്ടു ജ്ഞാനസ്നാനം സ്വീകരിച്ചു. ത്രേസ്യാ എന്നർത്ഥമുള്ള 'ജ്ഞാനപ്പൂ' എന്ന പേരാണ് അവൾ സ്വീകരിച്ചത്.

സവർണ്ണർ മതം മാറുന്നതു നിയമവിരുദ്ധമായിരുന്ന പഴയ തിരുവിതാംകൂറിൽ രാജകോപത്തെ അവഗണിച്ചുകൊണ്ടു ക്രിസ്തുവിനുവേണ്ടി ജീവിച്ച ദേവസഹായംപിള്ളയ്ക്കു മാമ്മോദീസാനന്തരഘട്ടം പീഡനകാലമായിരുന്നു. തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ വെളിച്ചവുമായെത്തിയ ദേവസഹായം പിള്ളയെ മതം മാറിയതിന്റെ പേരിൽ രാജദ്രോഹക്കുറ്റം ചുമത്തി തടവിലാക്കുകയും ക്രിസ്തുവിശ്വാസം ഉപേക്ഷിക്കാൻ കൊടിയ പീഡനങ്ങൾക്ക് വിധേയമാക്കുകയും ചെയ്തെങ്കിലും അദ്ദേഹം അധികാരികളുടെ സമ്മർദ്ദത്തിനു വഴങ്ങിയില്ല.

കഴുത്തിൽ എരുക്കിൻ പൂമാലയിട്ടു പോത്തിന്റെ പുറത്തിരുത്തി പരിഹാസപാത്രമായി തെരുവീഥിയിലൂടെ കൊണ്ടുനടന്നു. ശരീരം മുഴുവൻ ചാട്ടവാറുകൊണ്ട് അടിച്ചുപൊട്ടിച്ചു മുറിവുകളിൽ മുളക് അരച്ചുതേച്ച് വെയിലത്തു കിടത്തി. കന്നുകാലികളെ കെട്ടിയിടുന്നതുപോലെ മരത്തിൽ ചങ്ങലകൊണ്ടു ബന്ധിച്ചു പട്ടിണിക്കിട്ടു. എന്നിട്ടും അദ്ദേഹം ക്രിസ്തുവിശ്വാസത്തിൽ ഉറച്ചു നിന്നു. "ഒറ്റവാക്കുകൊണ്ടു ലോകത്തെ ശിക്ഷിക്കുവാൻ ശക്തിയുള്ള കർത്താവേ! എനിക്ക് ഈ പീഡനങ്ങൾ സഹിക്കുവാൻ ബലം തരണമേ, ഇവരോടു ക്ഷമിച്ച് അവരെ മാനസാന്തരപ്പെടുത്തണമേ" എന്ന് ദേവസഹായംപിള്ള നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നാലുവർഷത്തോളം തുറുങ്കിൽ ആയിരുന്ന, നാല്പതുവയസ്സു പ്രായമുണ്ടായിരുന്ന ദേവസഹായം പിള്ളയെ രാജകല്പനയനുസരിച്ച് 1752 ജനുവരി 14-ന് ആറൽവായ്മൊഴി ഗ്രാമത്തിലെ കാറ്റാടി മലയിൽവെച്ച് വെടിവെച്ച് കൊല്ലുകയായിരുന്നു.

2012 ഡിസംബർ 2-ന് ബെനഡിക്ട് പാപ്പയാണ് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്.

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| മെയ് 10 | സഹൃദയ സർവീസസ്, എറണാകുളം |
| മെയ് 23 | വിയാനി പ്രിന്റിംഗ്സ്, എറണാകുളം |
| മെയ് 26 | ലിസി ഹോസ്പിറ്റൽ, എറണാകുളം |
| മെയ് 27 | മാർ ലൂയീസ്, എറണാകുളം |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഏപ്രിൽ 27 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി & നിവേദിത, ചുണങ്ങംവേലി |
| ഏപ്രിൽ 29 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി & എസ്.എച്ച്. മൈനർ സെമിനാരി, തൃക്കാക്കര |
| മെയ് 04 | എസ്.എച്ച്. മൈനർ സെമിനാരി, തൃക്കാക്കര |
| മെയ് 05 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| മെയ് 06 | ലിസി ഹോസ്പിറ്റൽ, എറണാകുളം & റിന്യുവൽ സെന്റർ, കലൂർ |
| മെയ് 06 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| മെയ് 09 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി & എസ്.എച്ച്. മൈനർ സെമിനാരി, തൃക്കാക്കര |
| മെയ് 10 | ഹോളി ക്രോസ് ചർച്ച്, മഞ്ഞപ്ര |
| മെയ് 11 | ലൂർദ്ദ് സെന്റർ, ആലുവ |
| മെയ് 13 | ജിയോ സെന്റർ, ചക്കരപ്പരമ്പ് |
| മെയ് 14 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി & എസ്.എച്ച്. മൈനർ സെമിനാരി, തൃക്കാക്കര |
| മെയ് 14 | നിവേദിത, ചുണങ്ങംവേലി |
| മെയ് 20 | ജിയോ സെന്റർ, ചക്കരപ്പരമ്പ് & റിന്യുവൽ സെന്റർ, കലൂർ |
| മെയ് 23 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മെയ് 25 | റിന്യുവൽ സെന്റർ കലൂർ & ജിയോ സെന്റർ, ചക്കരപ്പരമ്പ് |
| മെയ് 28 | മാർ ലൂയീസ്, കറുകുറ്റി & ഭാരത മാതാ കോളേജ്, തൃക്കാക്കര |

**ഫാ. ജോസ് പുതിയേടത്ത്**
**ഡയറക്ടർ**

# വിശ്വാസപരിശീലനകേന്ദ്രം

## 2022-2023 വിശ്വാസപരിശീലനവർഷം ആപ്തവാക്യം 'ഒപ്പം നടക്കാം'

2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന സിനഡിന്റെ വിഷയമായ സിനഡാത്മകതയെ കൂടുതൽ പഠിക്കുന്നതിനും പരിചിന്തനം ചെയ്യുന്നതിനും സഹായകമായി 2022-2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'ഒപ്പം നടക്കാം' എന്നാണ്. പരിശുദ്ധത്രിത്വത്തിന്റെ ദിവ്യരഹസ്യത്തിൽനിന്ന് ഉറവയെടുക്കുന്ന ഒപ്പം നടക്കലിന്റെ ആഗോള ആത്മീയത നമുക്ക് വളർത്തിയെടുക്കാം. ഇടവകകളിലെ സാഹചര്യം അനുകൂലമാണെങ്കിൽ വിശ്വാസപരിശീലന സംബന്ധമായ എല്ലാക്കാര്യങ്ങളും കോവിഡ് 19-ന് മുൻപുണ്ടായിരുന്നതുപോലെ ഈ വർഷം സംഘടിപ്പിക്കാൻ ശ്രമിക്കുമല്ലോ.

1. **വിശ്വാസപരിശീലന ക്ലാസ്സുകൾ**
   2022 ജൂൺ 5-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നു.

2. **വിശ്വാസപരിശീലകരായ ജൂബിലിക്കാരെ ആദരിക്കൽ**
   2022 ജൂൺ 11 ശനിയാഴ്ച രാവിലെ 10.00 മണിക്ക് വിശ്വാസപരിശീലകരായ ജൂബിലിക്കാരെ ആദരിക്കുന്നു (2019-20, 2020-21, 2021-22 വർഷങ്ങളിൽ 25 വർഷവും 40 വർഷവും 50 വർഷവും പൂർത്തിയാക്കിയവർ).

3. **സന്മാർഗ്ഗബോധനവർഷം 2022-23 ഉദ്ഘാടനം**
   നമ്മുടെ അതിരൂപതയിൽ സന്മാർഗ്ഗബോധനം നടത്തുന്ന റെഗുലർ സ്കൂളുകളിലെ പ്രധാനാധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗം കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു.

   ജൂൺ 11-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.00-ക്ക് രജിസ്ട്രേഷനോടുകൂടി മീറ്റിങ് ആരംഭിക്കും. ഈ യോഗത്തിൽ സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം ചെയ്യുന്നതാണ്.

4. **എലൈവ് & എൻലൈറ്റ് പ്രോഗ്രാം**
   ഫൊറോനതലത്തിൽ ജൂലൈ മാസം മുതൽ ആരംഭിക്കുന്നു.

5. കാറ്റിക്കിസം പാഠപുസ്തകങ്ങൾ: മെയ് അവസാനത്തെ ആഴ്ചയിൽ ഓർഡർ തന്ന കാറ്റിക്കിസം പാഠപുസ്തകങ്ങൾ ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്.

6. JustJo Action Song Competition: മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ.

7. അദ്ധ്യാപകരുടെ കാലാവധി: വിശ്വാസപരിശീലന ശുശ്രൂഷ ഔദ്യോഗികമായി നടത്തുന്നതിനുള്ള കാലാവധി 65 വയസ്സാണ്. ഇത് കൃത്യമായി പാലിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

8. ഫൊറോന കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിങ്: 2022-23 വർഷത്തെ വിശ്വാസപരിശീലന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഫൊറോന കാറ്റിക്കിസം ഡയറക്ടേഴ്സ് അച്ചന്മാരുടെ മീറ്റിങ് മെയ് 3-ാം തീയതി റിന്യൂവൽ സെന്ററിൽ കാറ്റക്കിസം ഓഫീസിൽ നടന്നു.

9. കാറ്റിക്കിസം എക്സിക്യൂട്ടീവ് മീറ്റിങ്: മെയ് 3-ാം തീയതി ഉച്ച കഴിഞ്ഞ് 2.00 മണി മുതൽ കാറ്റിക്കിസം എക്സിക്യൂട്ടീവ് മെമ്പേഴ്സിന്റെ മീറ്റിങ് റിന്യൂവൽ സെന്ററിൽ നടന്നു.

10. സ്പർശ് പ്രോഗ്രാം: മെയ് 05, 06, 07 തീയതികളിൽ (വ്യാഴം, വെള്ളി, ശനി) സ്പർശ് പ്രോഗ്രാം X, XI, XII ക്ലാസ്സുകളിലെ ലീഡേഴ്സിനായി ചുണങ്ങംവേലി നിവേദിതയിൽ നടത്തി. 59 കുട്ടികൾ പങ്കെടുത്തു.

11. പുനഃപരീക്ഷ മെയ് 08 : X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പുനഃപരീക്ഷ മെയ് 8 ഞായറാഴ്ച നടത്തി.

12. അദ്ധ്യാപകർക്കുള്ള പരിശീലനം (Basic Orientation Course): മെയ് 14-ാം തീയതി റിന്യൂവൽ സെന്ററിൽ നടത്തി. 128 അദ്ധ്യാപകർ കോഴ്സിൽ പങ്കെടുത്തു.

13. കാറ്റിക്കിസം ഫൊറോനാ കൗൺസിൽ മെമ്പേഴ്സിന്റെ മീറ്റിങ് മെയ് 28-ാം തീയതി ശനിയാഴ്ച: 16 ഫൊറോനകളിലെ ഫൊറോനാ കൗൺസിൽ മെമ്പേഴ്സിന്റെ മീറ്റിംങ് മെയ് 28-ാം തീയതി രാവിലെ റിന്യൂവൽ സെന്ററിൽ നടത്തി.

14. വിശ്വാസപരിശീലനവർഷം ഉദ്ഘാടനം മെയ് 28 ശനിയാഴ്ച : 2022-23 വിശ്വാസപരിശീലനവർഷം അതിരൂപതാതലത്തിൽ

ഉച്ചകഴിഞ്ഞ് 2.30ന് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഫൊറോനകളിലെ ഫൊറോന കൗൺസിൽ മെമ്പേഴ്സും ഈ മീറ്റിങ്ങിൽ പങ്കെടുത്തു. കൂടാതെ, 2019-2022 കാലയളവിൽ ഫൊറോന സെക്രട്ടറിമാരായും പ്രൊമോട്ടർമാരായും സേവനം ചെയ്തവരെ അനുമോദിക്കുകയും ചെയ്തു.

15. 2022 മെയ് 29 ഞായറാഴ്ച വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം ഇടവകതലത്തിൽ നടന്നു.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

# നൈപുണ്യ ഇന്റർനാഷണൽ

**Corporate Office, Broadway, Ernakulam Kochi 682031.**
**9446339966, 0484-2381947**

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

- **Overseas Education**

- Attention plus 2 students & graduates - golden opportunity awaits you!
Study, work & settle in your dream destinations- Canada, UK, Germany & Australia.
New Zealand starts accepting students ......
January 2023 intake is open.... start your IELTS preparation immediately.
IELTS offline & online classes (All Mondays new batch)

- **Talent Track**

- ടാലന്റ് ട്രാക്കിന്റെ ഭാഗമായി നൈപുണ്യ ഇന്റർനാഷണൽ ഏർപ്പെടുത്തിയിട്ടുള്ള സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് എല്ലാ വർഷവും പഠന സഹായം നൽകി വരുന്നു. ഈ വർഷത്തെ സഹായം 2022 മെയ് മാസത്തിൽ 110 കുട്ടികൾക്ക് 14 ലക്ഷം രൂപ നൽകി.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ജൂൺ 1-ന് ആരംഭിക്കുന്ന ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. സമയം വൈകിട്ട് 6.00 മുതൽ 7.00 വരെ.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **ജൂൺ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ബാച്ചുകൾ (B1, B2)
2. ജർമൻ കോഴ്സ് പുതിയ ബാച്ചുകൾ (B2) ജൂൺ 13-ന് ആരംഭിക്കുന്നു.
3. സ്പാനിഷ് കോഴ്സ് പുതിയ ബാച്ചുകൾ (A1, A2, B1, B2)
4. Foreign Languages ന് Extra hour പരിശീലനം ലഭിക്കുന്നതാണ്
5. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചുകൾ (2022-2023)
6. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള NICSA 2022-2023 സ്പെഷ്യൽ സിവിൽ സർവീസ് പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **PROGRAMS (JUNE)**

1. UGC NET PAPER I & II - Online and Offline
2. BANK coaching and SSC coaching Regular-offline (new admission all Mondays)
3. PSC - offline (new admission all Mondays)
4. Entrance Two Year Course (ETC) - Admission continues (XI &XII)
5. Entrance preparatory course (EPC) - Admission Continues (VIII, IX, X )
6. IELTS -Regular, Online& Offline (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

അങ്കമാലി നൈപുണ്യ ഇന്റർനാഷണൽ IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യ മാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കിവരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education &Councelling

## 6) നൈപുണ്യ ഇന്റർനാഷണൽ, BMC കോളേജ്, തൃക്കാക്കര

**Contact: 0484-2381947, 9446339966**

- For Overseas Education Queries

## 7) നൈപുണ്യ ഇന്റർനാഷണൽ, NIMIT കാമ്പസ്, പൊങ്ങം

**Contact: 8078074684**

- For Overseas Education Queries

**ഫാ. ജോൺസൺ വടക്കുഞ്ചേരി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2022 ജൂൺ – ജൂലൈ

### വിവാഹഒരുക്ക ധ്യാനം (MPR) (ഓഫ്‌ലൈൻ)

ജൂൺ 06-08 (കലൂർ)
ജൂൺ 13-15 (കലൂർ)
ജൂൺ 14-16 (കാലടി)
ജൂൺ 20-22 (കലൂർ)
ജൂൺ 28-30 (കാലടി)

ജൂലൈ 04-06 (കലൂർ)
ജൂലൈ 11-13 (കലൂർ)
ജൂലൈ 12-14 (കാലടി)
ജൂലൈ 18-20 (കലൂർ)
ജൂലൈ 19-21 (കാലടി)
ജൂലൈ 25-27 (കലൂർ)
ജൂലൈ 26-28 (കാലടി)

### വിവാഹഒരുക്ക ധ്യാനം (MPR) (ഓൺലൈൻ)

**(വിദേശത്തുള്ളവർക്കു മാത്രം)**

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ജീവദർശൻ

ജൂൺ 02 സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി

### ബേബി ഷൈൻ ധ്യാനം (ഓഫ്‌ലൈൻ)

ജൂൺ 03 05

### ദമ്പതി ധ്യാനം (ഓഫ്‌ലൈൻ)

ജൂൺ 09 12

### കുടുംബപ്രേഷിത പരിശീലന പരിപാടി

ജൂൺ 11 , കലൂർ റിന്യൂവൽ സെന്റർ

### അനുയാത്ര (ഓൺലൈൻ)

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

ജൂൺ 19

**സ്നേഹജ്വാല (ദമ്പതി സെമിനാർ)**

ജൂൺ 19 കടവന്ത്ര

**കുടുംബോത്സവം** ജൂൺ 22

**അന്താരാഷ്ട്ര വിധവാദിനം**

അന്താരാഷ്ട്ര വിധവാദിനത്തോടനുബന്ധിച്ച് അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള യൂദിത്ത് ഫോറം വിധവകൾക്കായി 'വൈകാരിക സമന്വയങ്ങളുടെ വൈധവ്യ ആത്മീയത' എന്ന വിഷയത്തെ ആസ്പദമാക്കി 2022 ജൂൺ 26 ഞായറാഴ്ച വൈകിട്ട് 6.00 മുതൽ 8.30 വരെ JEEVALAYA FAMILY VISION YOUTUBE CHANEL ലൂടെ വെബിനാർ നടത്തപ്പെടുന്നു.

**നന്ദിയോടെ...**

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഫൊറോന ആനിമേറ്റേഴ്സായി സ്തുത്യർഹമായി സേവനം ചെയ്ത്, പുതിയ സ്ഥലത്തേക്ക് മാറിപോകുന്ന സി. ഡോളിൻ മരിയ, സി. നമിത, സി. നോബിൾ, സി. റാണി വർഗീസ്, സി. വിജോ മരിയ, സി. ലിസറ്റ്, സി. ജീവറോസ് എന്നിവർക്ക് കുടുംബപ്രേഷിതകേന്ദ്രത്തിന്റെ നന്ദിയും പുതിയ ശുശ്രൂഷകൾക്ക് പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

**സ്വാഗതം**

കുടുംബപ്രേഷിത കേന്ദ്രത്തിന്റെ ഫൊറോന ആനിമേറ്റേഴ്സായി ചുമതലയേൽക്കുന്ന സി. ദയ CHF (പറവൂർ), സി. ലിസറ്റ് CHF (ഇടപ്പള്ളി), സി. ജിസ്മ SD (എറണാകുളം) സി. ലിറ്റി ഗ്രെയ്സ് CMC (മൂക്കന്നൂർ), സി. റിൻസി CMC (കറുകുറ്റി), സി. അമൽ ഗ്രെയ്സ് CMC (കാഞ്ഞൂർ), സി. ട്രീസ ജോസ് FCC (അങ്കമാലി) എന്നിവർക്ക് സ്നേഹത്തോടെ സ്വാഗതം ആശംസിക്കുന്നു.

NB: ഇടവക തലത്തിൽ പാരന്റിംഗ് പരിശീലന പരിപാടികൾ, ദാമ്പത്യ പരിപോഷണ സെമിനാറുകൾ നടത്തുവാൻ കുടുംബ പ്രേഷിത കേന്ദ്രം സന്നദ്ധമാണെന്ന് ഓർമ്മപ്പെടുത്തുന്നു. **കൂടുതൽ വിവരങ്ങൾക്ക്: 8078154524, 8078334522.**

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### ജലജീവൻ മിഷൻ ശില്പശാലകൾ

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ, കൽപകഞ്ചേരി, ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തുകളിൽ സഹൃദയയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുതല ശില്പ ശാലകൾ സംഘടിപ്പിച്ചു. രാഷ്ട്രീയ പാർട്ടി പ്രധിനിധികൾ, കുടുംബശ്രീ അംഗങ്ങൾ,അംഗൻവാടി പ്രവർത്തകർ തുടങ്ങിയവർ ശില്പശാലയിൽ പങ്കെടുത്തു.

### ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ ക്യാമ്പ്

സഹൃദയ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി എറണാകുളം റീജിയണൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സഹകരണത്തോടെ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പറവൂരിൽ എംപ്ലോയ്മന്റ് രജിസ്ട്രേഷൻ ക്യാമ്പും ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. 75 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

### സർട്ടിഫിക്കറ്റ് വിതരണം

നബാർഡിന്റെ സഹകരണത്തോടെ സഹൃദയ, വനിതകൾക്കായി ശ്രീമൂലനഗരം പള്ളി ഹാളിൽ സംഘടിപ്പിച്ച ജീവനോപാധി വികസന പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ അൻവർ സാദത്ത് എം.എൽ.എ. വിതരണം ചെയ്തു. സംരംഭകത്വവികസനം, കന്നുകാലി വളർത്തൽ, പച്ചക്കറി കൃഷിരീതികൾ, കാർഷിക സംരംഭങ്ങളിൽ ജെ.എൽ.ജി.കളുടെ പ്രാധാന്യം, സംരംഭങ്ങൾക്കുള്ള ബാങ്ക് സഹായ പദ്ധതികൾ എന്നീ വിഷയങ്ങളിൽ 30 വനിതകൾക്ക് 5 ദിവസത്തെ പരിശീലനമാണ് സംഘടിപ്പിച്ചത്.

### 'പ്രതീക്ഷ 2022' സമ്മർ ക്യാമ്പ്

എറണാകുളം റെയിൽവേ ചൈൽഡ് ലൈനിന്റെയും, കൾച്ചറൽ അക്കാദമി ഫോർ പീസിന്റെയും നേതൃത്വത്തിൽ ഉദയ ഭവൻ എസ്. ഡി കോൺവെന്റിൽ കുട്ടികൾക്കായി സഹൃദയ പ്രതീക്ഷ 2022 ത്രിദിന

സമ്മർ ക്യാമ്പ് സംഘടിപ്പിച്ചു. സൗത്ത് റെയിൽവേയോട് ചേർന്നുള്ള ഉദയ കോളനി, പി & ടി കോളനി, പുഷ്പ നഗർ കോളനി, കരിന്തല കോളനി എന്നീ സ്ഥലങ്ങളിലെ കുട്ടികൾക്കുവേണ്ടിയാണ് അവധി ക്കാലത്തോടനുബന്ധിച്ച് സമ്മർ ക്യാമ്പ് ഒരുക്കിയത്.

**ആർട്ടിഫിഷ്യൽ ലിംബ്**

കൊച്ചി മിഡ് ടൗൺ റോട്ടറി ക്ലബ്ബിന്റെ സഹകരണത്തോടെ സഹൃദയ ഭിന്നശേഷിക്കാർക്കായി കൃത്രിമ അവയവദാന ക്യാമ്പ് നടത്തി. ഹൈബി ഈഡൻ എം. പി. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആദ്യഘട്ട മായി 50 ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്.

**മാലിന്യസംസ്കരണ പ്ലാൻറ്**

തുതിയൂർ മദർ തെരേസ ലേഡീസ് ഹോസ്റ്റലിൽ ജൈവമാലിന്യങ്ങളിൽ നിന്ന് പാചകവാതകം ഉത്പാദിപ്പിക്കുന്നതിനുള്ള മാലിന്യസംസ്കരണ പ്ലാൻറ് പ്രവർത്തനമാരംഭിച്ചു. ബയോഗ്യാസ് പ്ലാന്റ് നിർമാണത്തിനുള്ള സർക്കാർ അംഗീകൃത ഏജൻസിയായ സഹൃദയ ടെക്ക് (വെൽഫെയർ സർവീസസ് എറണാകുളം) ആണ് പ്ലാൻറ് നിർമാണത്തിന് സാങ്കേതിക മേൽനോട്ടം വഹിച്ചത്.

**സഹൃദയ ടെക്ക് ടീം മീറ്റിംഗ്**

സഹൃദയയുടെ പരിസ്ഥിതി പരിപാലന വിഭാഗമായ സഹൃദയ ടെക്കി ന്റെ വാർഷികയോഗം സഹൃദയ ഓഫിസിൽ നടത്തി. കേരളത്തിലും പുറത്തുമായി കഴിഞ്ഞ വര്ഷം നടത്തിയ പ്രവർത്തനങ്ങൾ വിലയിരു ത്തി കാലത്തിനനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനും പരസ്പരം ശക്തിപ്പെടുത്തുന്നതിനുമായി ലക്ഷ്യമിട്ട യോഗത്തിൽ വിവിധ ജില്ലകളിൽ നിന്നുള്ള 15 പ്രതിനിധികൾ പങ്കെടുത്തു.

**സൗജന്യ കാൻസർ നിർണയ ക്യാമ്പ്**

സഹൃദയ, ഫാമിലി പ്ലാനിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സഹകരണത്തോടെ ഞാറയ്ക്കൽ സെ.മേരീസ് പള്ളി ഹാളിൽ സ്ത്രീകൾക്കായി സൗജന്യ കാൻസർ നിർണയ ക്യാമ്പ് സംഘടിപ്പിച്ചു. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ. ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. കാൻസറിന്റെ ലക്ഷണങ്ങളും പ്രതിരോധ മാർഗങ്ങളും, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധ

വത്കരണ ക്ലാസിന് ഫാമിലി പ്ലാനിംഗ് അസോസിയേഷൻ ഓഫ് ഇന്ത്യ ബ്രാഞ്ച് മാനേജർ ഡോ. ശോഭ മാത്യു നേതൃത്വം നൽകി. പങ്കെടുത്തവർക്ക് സഹൃദയ തയ്യാറാക്കിയ ഹൈജീൻ കിറ്റുകളും വിതരണം ചെയ്തു.

**യോഗ പരിശീലനം**

സഹൃദയ ആത്മയോഗ അക്കാദമിയുടെ ആഭിമുഖ്യത്തിൽ യോഗ പരിശീലനം ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 6.30 മുതൽ 7.30 വരെയും ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകിട്ട് 6.00 മണി മുതൽ 7.00 മണി വരെയുമാണ് പരിശീലന സമയം. വിവരങ്ങൾക്ക് 9645831316 എന്ന നമ്പറിൽ വിളിക്കുക.

**ചൈൽഡ് ലൈൻ**

സഹൃദയയുടെ നേതൃത്വത്തിൽ എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന ചൈൽഡ് ഹെൽപ് ഡെസ്കിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്റ്റേഷനുകളിൽ നിന്ന് കണ്ടെത്തി പുനരധിവസിപ്പിച്ചത് 70 ആൺകുട്ടികളും 33 പെൺകുട്ടികളും ഉൾപ്പെടെ 103 കുട്ടികളെയാണെന്ന് ചൈൽഡ് ലൈൻ വാർഷിക അവലോകന യോഗത്തിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കി.

**ബയോഗ്യാസ് പ്ലാന്റുകൾ**

എൽ.പി.ജി. സിലിണ്ടർ ഗ്യാസിന് പകരമായി വീടുകളിലെ ആഹാര മാലിന്യങ്ങൾ സംസ്കരിച്ചു പ്രവർത്തിപ്പിക്കാവുന്ന ചെറിയ തരം ബയോഗ്യാസ് പ്ലാന്റുകൾ സഹൃദയ സ്ഥാപിച്ചു നൽകുന്നു. വിശദവിവരങ്ങൾക്ക് 8943710720 എന്ന നമ്പറിൽ വിളിക്കുക.

**സോളാർ ഓൺ ഗ്രിഡ് സിസ്റ്റം**

സോളാർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും ദേവാലയങ്ങളിലും സ്ഥാപിച്ച് വൈദ്യുതി ബില്ല് കുറയ്ക്കുന്നതിനായി സഹൃദയ അവസരം ഒരുക്കുന്നു. വിശദവിവരങ്ങൾക്ക് 9074060071 എന്ന നമ്പറിൽ വിളിക്കുക.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**

**ഡയറക്ടർ**

# സോഷ്യൽ മീഡിയ അപ്പോസ്റ്റലേറ്റ്

അതിരൂപതാ സോഷ്യൽ മീഡിയ അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനായി ആർച്ചുബിഷപ് ആന്റണി കരിയിൽ പിതാവ് നിയമിച്ച ഉപദേശക സമിതി & റിസോഴ്സ് ടീം അംഗങ്ങൾ:

**ഉപദേശകസമിതി**

1. വികാരി ജനറാൾ (ഡിപ്പാർട്ടുമെന്റ്സ്)
2. പ്രൊക്കുറേറ്റർ
4. പി.ആർ.ഒ.
5. ഡയറക്ടർ, ആർച്ച്ഡയോസിഷൻ ഇന്റർനെറ്റ് മിഷൻ
6. ഡയറക്ടർ, മീഡിയ & കമ്യൂണിക്കേഷൻസ്
7. ഡയറക്ടർ, സുബോധന, അങ്കമാലി
8. ഡയറക്ടർ, റിന്യൂവൽ സെന്റർ, കലൂർ
9. എഡിറ്റർ, സത്യദീപം
10 ഡയറക്ടർ, സേക്രഡ് മ്യൂസിക്

**റിസോഴ്സ് ടീം**

1. ഫാ. ബെന്നി മാരാംപറമ്പിൽ
2. ഫാ. സാജു കൊരേൻ
3. ഫാ. ജിജോ കല്ലറയ്ക്കൽ
4. ഫാ. സഞ്ചു കൊഴുവള്ളിൽ
5. ഫാ. പ്രദീഷ് പാലമൂട്ടിൽ
6. ഫാ. ക്രിസ്റ്റി മഠത്തിൽ
7. ഫാ. മാർട്ടിൻ കച്ചിറയ്ക്കൽ
8. ഫാ. ജിതിൻ കാവാലിപ്പാടൻ
9. ഫാ. മാത്യു ഇഞ്ചക്കാട്ടുമണ്ണിൽ
10. ഫാ. സിബിൻ മനയമ്പിള്ളി
11. ഫാ. ബിബിൻ മുളവരിക്കൽ
12. ഫാ. അഖിൽ ഇടശ്ശേരി
13. ഫാ. ജെസ്ലിൻ തെറ്റയിൽ
14. ഫാ. ബിനോയ് പാണാട്ട്
15. ഫാ. ജിതിൻ ഞവരക്കാട്ട്

ഫാ. സജോ പടയാട്ടി
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്

(എറണാകുളം-അങ്കമാലി അതിരൂപത)

### പ്രതിനിധി സമ്മേളനവും മേഖല സമ്മേളനങ്ങളും

നമ്മുടെ അതിരൂപത പ്രതിനിധി സമ്മേളനവും ഗ്ലോബൽ സമിതിയുടെ സന്ദർശനവും **2022 ജൂലൈ 31 ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2.00 മണിക്ക്** കലൂർ റിന്യൂവൽ സെന്ററിൽ കൂടുവാൻ തീരുമാനിച്ചു. അതിനു മുന്നോടിയായുള്ള മേഖലാ സമ്മേളനങ്ങൾ ഇപ്രകാരമായിരിക്കും:

**എറണാകുളം മേഖല:** (എറണാകുളം, പറവൂർ, ഇടപ്പള്ളി, കിഴക്കമ്പലം, തൃപ്പൂണിത്തുറ ഫോറോനകൾ)
**2022 ജൂൺ 12 ഞായർ, 2.00 മണിക്ക്**
സെന്റ് മാർട്ടിൻ പള്ളി, പാലാരിവട്ടം.
കോ-ഓർഡിനേറ്റർ: ബേബി ജോൺ പൊട്ടനാനി (9447370666)

**കാഞ്ഞൂർ മേഖല:** (കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം ഫോറോനകൾ)
**2022 ജൂൺ 19 ഞായർ, 2.00 മണിക്ക്**
സെന്റ് ജോർജ് പള്ളി, കാലടി.
കോ-ഓർഡിനേറ്റർ: ജോസ് ആന്റണി (9744721652)

**വൈക്കം മേഖല:** (വൈക്കം, പള്ളിപ്പുറം, ചേർത്തല, ഫോറോനകൾ)
**2022 ജൂൺ 26 ഞായർ, 2.00 മണിക്ക്**
സെന്റ് മേരീസ് ഫൊറോനാ പള്ളി, പള്ളിപ്പുറം.
കോ-ഓർഡിനേറ്റർ: ജോബി ജോസഫ് (9562428364)

**അങ്കമാലി മേഖല:** (അങ്കമാലി, കൊരട്ടി, മൂക്കന്നൂർ, മൂഴിക്കുളം, കറുകുറ്റി ഫോറോനകൾ)
**2022 ജൂലൈ 3 ഞായർ, 2.00 മണിക്ക്**
സെന്റ് അഗസ്റ്റിൻ പള്ളി, തുറവൂർ.
കോ-ഓർഡിനേറ്റർ: ജോൺസൻ പടയാട്ടി (9447061059)

**ഫാ. ആന്റണി പുതിയാപറമ്പിൽ**
**അതിരൂപതാ ഡയറക്ടർ**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് ക്വിസ് 2022

ലോഗോസ് ക്വിസ് അതിരൂപതാതല പൊതുപരീക്ഷ 2022 സെപ്തംബർ 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയായിരിക്കും. മേഖലാ തലത്തിലുള്ള സെമിഫൈനൽ നവംബർ 6-ാം തീയതിയും മെഗാഫൈനൽ നവംബർ 19, 20 തീയതികളിലും നടത്തപ്പെടും.

### 1) രജിസ്ട്രേഷൻ

ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്യാനുള്ള സമയം 2022 ജൂൺ ഒന്നു മുതൽ 2022 ജൂലൈ 31 വരെ ആയിരിക്കും. രജിസ്ട്രേഷൻ ഫീസ് 10 രൂപ. ഇടവക/സെന്റർ തലത്തിൽ ഓൺലൈൻ ആയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ജൂലൈ 31 നു ശേഷം രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

### 2) പ്രായ വിഭാഗങ്ങൾ

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യ നിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

| | |
|---|---|
| A വിഭാഗം - | 1/1/2011-നും അതിനുശേഷവും ജനിച്ചവർ |
| B വിഭാഗം - | 1/1/2006-നും 31/12/2010-നും ഇടയ്ക്ക് ജനിച്ചവർ |
| C വിഭാഗം - | 1/1/1991-നും 31/12/2005-നും ഇടയ്ക്ക് ജനിച്ചവർ |
| D വിഭാഗം - | 1/1/1971-നും 31/12/1990-നും ഇടയ്ക്ക് ജനിച്ചവർ |
| E വിഭാഗം - | 1/1/1958-നും 31/12/1970-നും ഇടയ്ക്ക് ജനിച്ചവർ |
| F വിഭാഗം - | 31/12/1957-നും അതിനുമുമ്പും ജനിച്ചവർ |

### 3) പഠന ഭാഗങ്ങൾ

| | |
|---|---|
| ജോഷ്വ : 1-12 | പ്രഭാഷകൻ : 23 -26 |
| മർക്കോസ് : 9 -16 | 1 കോറിന്തോസ് : 9 -16 |

### 4) ലോഗോസ് ഫമിലിയ ക്വിസ്

സംസ്ഥാന തലത്തിലും രൂപതാ തലത്തിലും ഇത്തവണ ഫമിലിയ ക്വിസ് ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ നിബന്ധനകൾ ചുവടെ ചേർക്കുന്നു.

a) ഒരു ഫാമിലി ടീമിൽ കുറഞ്ഞത് മൂന്നുപേർ ഉണ്ടായിരിക്കണം.

b) കുടുംബത്തിലെ കുറഞ്ഞത് രണ്ടു തലമുറകളിൽ നിന്നുള്ളവർ ടീമിൽ ഉണ്ടായിരിക്കണം.

c) ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്കായി പരിഗണിക്കുക.

d) അതിരൂപതാ തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുടുംബത്തിന് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടാകും.

e) അതിരൂപതാ തലത്തിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന ഫാമിലി ടീമുകൾക്ക് ട്രോഫിയും ക്യാഷ് അവാർഡും 80% ത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന ടീമുകൾക്ക് പ്രോത്സാഹന സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.

f) ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്ന മൂന്നു ഇടവകകൾക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ലോഗോസ് ക്വിസ് 2022ന്റെ കൂടുതൽ വിശദാംശങ്ങൾ ഇടവക/ സെന്ററിലേക്ക് നേരിട്ട് അറിയിക്കുന്നതാണ്.

Contact: Director: 9961814742, Secretary: 9497610227, Co-ordinator: 9496826669

എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

**മെയ് 2022**

1 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അമ്പുനാട് സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ സുവർണ്ണ ജൂബിലി ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

2 ആന്റണി കരിയിൽ പിതാവ് കാലടി പ്രേഷിതാരം ജനറലേറ്റിൽ ഉച്ചകഴിഞ്ഞ് സിസ്റ്റേഴ്സിന്റെ സഭാവസ്ത്ര സ്വീകരണ ചടങ്ങിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

3 ആന്റണി കരിയിൽ പിതാവ് രാവിലെ വൈക്കം ഫൊറോന പള്ളി യുടെ പുനർ കൂദാശ കർമ്മം നിർവ്വഹിച്ചു.

4 ആന്റണി കരിയിൽ പിതാവ് മേലൂർ പള്ളിയിൽ രാവിലെ ഡീക്കൻ ജെറിൽ കുരിശിങ്കലിന് പൗരോഹിത്യ പട്ടം നല്കി.

5 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം അതിരൂപത മതബോ ധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നിവേദിതയിൽ നടന്ന 'Sparsh' പ്രോഗ്രാമിൽ പങ്കെടുത്ത് സന്ദേശം നല്കി.

8 ആന്റണി കരിയിൽ പിതാവ് രാവിലെ മാടയ്ക്കൽ പള്ളിയുടെ പുനർ കൂദാശ കർമ്മം നിർവ്വഹിച്ചു.

11 ആന്റണി കരിയിൽ പിതാവ് ബിഷപ്സ് ഹൗസിൽ രാവിലെ പുതി യതായി വികാരിമാരായ വൈദികരെ കണ്ട് സംസാരിച്ചു.

12 ആന്റണി കരിയിൽ പിതാവ് രാവിലെ ജീസസ്സ് യൂത്ത് മൂഴിക്കുളം സോണിന്റെ ആഭിമുഖ്യത്തിൽ നടന്ന ത്രിദിന ക്യാമ്പ് ഉദ്ഘാ ടനം ചെയ്യുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് തൃക്കാക്കര മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരി ബ്രദേഴ്സിന്റെ കൂട്ടായ്മയിൽ സംബന്ധിച്ച് സംസാ രിച്ചു.

13 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര കാർഡിനൽ നഗർ പള്ളിയിൽ വച്ച് അതിരൂപത ബ്രദേഴ്സിന് ചെറുപട്ടങ്ങൾ നല്കി.

14 ആന്റണി കരിയിൽ പിതാവ് രാവിലെ കളമശ്ശേരി CMI പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന വൈദികരുടെ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്ന് ആശംസകൾ അർപ്പിച്ചു.

15 ആന്റണി കരിയിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ രാവിലെ അതിരൂപത മതബോധന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടന്ന മതാധ്യാപക പരിശീലന പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

15 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം ചാത്തമ്മ ഇടവക യിൽ പുതിയതായി നിർമ്മിച്ച കപ്പേളയുടെ ആശീർവ്വാദ കർമ്മം നടത്തി വി. ബലി അർപ്പിച്ചു.

16 ആന്റണി കരിയിൽ പിതാവ് ഉച്ചയ്ക്ക് കോന്തുരുത്തി ഇടവക യുടെ രണ്ടാം ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

17 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര ഭാരത മാതാ കോളേജിൽ നടന്ന Annual Academic Retreat ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് ഐമുറി ഇടവകയിൽ ബഹു. ആന്റണി ഇലവുംകുടി അച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ വി. ബലിയർപ്പണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

18 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം നീണ്ടൂർ ഇടവകയിൽ വി. ബലി അർപ്പിച്ച് പുതിയതായി നിർമ്മിക്കാൻ പോകുന്ന ദേവാ ലയത്തിന്റെ അടിസ്ഥാന ശില ആശീർവ്വദിച്ചു.

19 ആന്റണി കരിയിൽ പിതാവ് രാവിലെ കീഴ്മാട് ഡൊറോത്തിയൻ കോൺവെന്റിൽ സിസ്റ്റേഴ്സിന്റെ നിത്യവ്രതവാഗ്ദാനത്തിലും, ജൂബിലി ആഘോഷത്തിലും പങ്കുചേർന്ന് വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് തൃക്കാക്കര ഭാരത മാതാ കോളേജിൽ നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിലും പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ എന്നിവർക്കുള്ള യാത്രയയ്പ്പു സമ്മേളനത്തിലും പങ്കുചേർന്നു.

21 ആന്റണി കരിയിൽ പിതാവ് രാവിലെ പൊതി സേവാഗ്രാമിൽ നടന്ന ബഹു. ജിയോ മങ്കര സി.എം.ഐ. അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

22 ആന്റണി കരിയിൽ പിതാവ് രാവിലെ തൃക്കാക്കര നൈപുണ്യ സ്കൂളിൽ അതിരൂപത കെ.സി.വൈ.എം.-ന്റെ നേതൃത്വത്തിൽ നടന്ന കലോത്സവം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

ചൂണ്ടി ഭാരത മാതാ ലോ കോളേജിൽ നടന്ന National Meeting of Arbitration-ൽ പങ്കെടുത്ത് സംസാരിച്ചു.

25 ആന്റണി കരിയിൽ പിതാവ് എറണാകുളം ബിഷപ്പ് ഹൗസിൽ നടന്ന കൺസൾട്ടേഴ്സ് ബോഡി യോഗത്തിൽ പങ്കെടുത്തു.

26 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം എറണാകുളം ലിസ്സി ഹോസ്പിറ്റൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

27 ആന്റണി കരിയിൽ പിതാവ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ദീപിക അപെക്സ് ബോഡി യോഗത്തിൽ സംബന്ധിച്ചു.

28 ആന്റണി കരിയിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ രാവിലെ വിമെൻ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ നടന്ന ജനറൽ ബോഡി മീറ്റിംഗിലും വനിതാ സിനഡിലും പങ്കെടുത്ത് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വ ക്യാമ്പിൽ പങ്കെടുത്ത് സന്ദേശം നല്കി. അതിരൂപത മതബോധന വർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. വൈകിട്ട് മരട് സെന്റ് ജാന്നാ പള്ളിയിൽ ഫാ. ചെറിയാൻ നേരേവീട്ടിൽ അനുസ്മരണാർത്ഥം നടന്ന വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹി

ക്കുകയും 'ചെറിയാൻ നേരേവീട്ടിൽ സ്മാരക അവാർഡ്' ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

29 ആന്റണി കരിയിൽ പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ രാവിലെ സെന്റ് പോൾസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. മാണിക്കമംഗലം ഇടവകയിൽ ബഹു. സി. ബീന സി.പി.എസ്. -ന്റെ വന്ദ്യ മാതാവിന്റെ നിര്യാണത്തിൽ വീട്ടിൽ ഒപ്പീസ് ചൊല്ലി. പെരുമ്പടന്ന ശാന്തിതീരം കോൺവെന്റിൽ ബഹു. സി. മേരി അക്വീല സി.എച്ച്.എഫ്. -ന്റെ നിര്യാണത്തിൽ മൃതസംസ്ക്കാര ശുശ്രൂഷയുടെ 4-ാം ഭാഗം നടത്തി അനുശോചനം അറിയിച്ചു.

29 ആന്റണി കരിയിൽ പിതാവ് വൈകുന്നേരം തുരുത്തിപ്പുറം ഇടവകയിൽ നവീകരിച്ച മടപ്ലാതുരുത്ത് ഉണ്ണിമിശിഹാ കപ്പേളയുടെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു.

* * * * *



Inauguration of International Conclave of Arbitration,
Bharatha Mata School of Legal Studies,
Choondy, 22 May 2022



Inauguration of *'Arangu'*-
Cardinal Parecattil Memorial Kalolsavam, KCYM
at Naipunnya Public School, Kochi, 22 May 2022

RNI No. 3421/57
Date of Publication: 01-06-2022

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



*"Religious differences do not justify indifference or enmity. Rather, on the basis of our religious faith we are enabled to become peacemakers, rather than standing passively before the evil of war and hatred."*

***Pope Francis,***
***Twitter Message, 30 May 2022***

Printed and Published by Fr. Jose Pollayil for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Jose Pollayil